# സമഗ്ര വിദ്യാഭ്യാസ വികസന രേഖ



## ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ

ഹരിപ്പാട്, ആലപ്പുഴ

സ്കൂൾ കോഡ് 32110500702

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ.ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ |
| വിലാസം | : ഹരിപ്പാട്, ആലപ്പുഴ ജില്ല 690514 |
| ഫോൺ | : 04792412722 (ഹൈസ്കൂൾ) |
| | 04792415200 (ഹയർ സെക്കൻഡറി) |
| സ്കൂൾ കോഡ് | : 35027 (ഹൈസ്കൂൾ) |
| | 4004 (ഹയർ സെക്കൻഡറി) |
| | 32110500702 (UDISE) |
| വിദ്യാഭ്യാസ ഉപജില്ല | : ഹരിപ്പാട് |
| വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി ആർ സി | : ഹരിപ്പാട് |
| സി ആർ സി | : ഹരിപ്പാട് |
| നഗരസഭ | : ഹരിപ്പാട് |
| നിയമസഭാ മണ്ഡലം | : ഹരിപ്പാട് |
| ലോക്സഭാ മണ്ഡലം | : ആലപ്പുഴ |
| താലൂക്ക് | : കാർത്തികപ്പള്ളി |
| വില്ലേജ് | : ഹരിപ്പാട് |
| ഇ-മെയിൽ | : 35027alappuzha@gmail.com (HS) |
| | principalgmbhssharipad@gmail.com (HSS) |
| പ്രഥമാധ്യാപകൻ | : ഉണ്ണികൃഷ്ണൻ.ആർ |
| മൊബൈൽ നമ്പർ | : 9447467479 |
| പ്രിൻസിപ്പൽ | : ജയശ്രീ.എ |
| മൊബൈൽ നമ്പർ | : 9447129245 |
| പ്രസിഡന്റ് (PTA) | : കൃഷ്ണകുമാർ.ബി |
| മൊബൈൽ നമ്പർ | : 96569 00467 |
| എസ്.എം.സി ചെയർമാൻ | : അനിൽകുമാർ.ജി |
| മൊബൈൽ നമ്പർ | : 9847984077 |

ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
  (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം


അനുബന്ധം


- വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിദ്ധ്യ പാർക്ക് രൂപരേഖ, കളിസ്ഥലത്തിന്റെ രൂപരേഖ
- നടപ്പുവർഷത്തേയും മുൻ വർഷത്തേയും മികവുകളും നേട്ടങ്ങളും
- നടപ്പുവർഷത്തേയും മുൻ വർഷത്തേയും കുട്ടികളുടെ എണ്ണം
- എസ്സ് എസ്സ് എ / ആർ എം എസ് എ പദ്ധതിയ്ക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
- നിലവിലുള്ള കമ്മിറ്റികൾ – അംഗങ്ങളുടെ പട്ടിക

ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത് എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസവും പാഠ്യാവസരങ്ങളും എല്ലാവർക്കും ഉറപ്പു വരുത്തുക എന്നതാണ്. വിദ്യാർത്ഥികൾ വിജ്ഞാന നിപുണികളും ഉന്നത മൂല്യങ്ങളും മനോഭാവങ്ങളും കൊണ്ട് സമ്പന്നരും വിദ്യാഭ്യാസം കൊണ്ട് ഉത്പാദനപരമായ ജീവിതം നയിക്കാൻ പ്രാപ്തരുമായിരിക്കണം.

രാജ്യത്തിന്റെ ദീർഘകാല സാമ്പത്തിക വളർച്ചയും ദേശീയ വികസനവും വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഉത്പന്നങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. സുസ്ഥിരവികസനത്തിന് ഗുണമേന്മയും തുല്യതയും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസസമ്പ്രദായമാണ് ആവശ്യം. സാമൂഹിക സാമ്പത്തിക ചലനക്ഷമതയ്ക്കും നീതിയും ന്യായവും സമഭാവനയുമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിനും വിദ്യാഭ്യാസം ഏറ്റവും ശക്തമായ ഉപകരണമാണ്. വിദ്യാഭ്യാസം സാമൂഹ്യോദ്ഗ്രഥന മാദ്ധ്യമമാണ്. ഇതിലേക്കുള്ള ഒരു ചുവടുവെയ്പാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര വിദ്യാലയ വികസന രേഖ. 'സാക്ഷരഭാരതം സമ്പന്നഭാരതം' എന്ന ദേശീയ വിദ്യാഭ്യാസ നയത്തെ പിൻതുടരുന്ന കേരളത്തിന്റെ വിദ്യാഭ്യാസ നവീകരണ പ്രക്രിയയ്ക്ക് വഴികാട്ടിയാകാൻ ഈ സമഗ്ര വിദ്യാലയ വികസന രേഖ നമുക്ക് സഹായകമാകും.

ഇക്കഴിഞ്ഞ വർഷങ്ങളിൽ പി ടി എ, എം പി ടി എ, എസ് എം സി, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾ, സർക്കാർ ഏജൻസികളായ ആർ എം എസ് എ, എൻ സി ഇ ആർ ടി, ഐ ടി @ സ്കൂൾ, ഡയറ്റുകൾ, എസ് സി ഇ ആർ ടി എന്നിവയുടെ സഹായത്തോടു കൂടി പൊതു വിദ്യാലയമായ ഹരിപ്പാട് ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്.

അഞ്ചാം സ്റ്റാൻഡേർഡ് മുതൽ എട്ടാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൌജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം, ഉച്ചഭക്ഷണം എന്നിവ നൽകുന്നതിലൂടെ സാമൂഹ്യനീതി ഉറപ്പുവരുത്താൻ സാധിച്ചു. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ അർഹരായ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് പോലെയുള്ള സാമ്പത്തിക സഹായങ്ങൾ യഥാസമയം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ശാസ്ത്ര, കലാ, കായിക, പ്രവർത്തി പരിചയ മേഖലകളിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി ദേശീയ-സംസ്ഥാന തല മത്സരങ്ങളിൽ വരെ എത്തിയ്ക്കുന്നതിനും സമ്മാനങ്ങൾ കരസ്ഥമാക്കുന്നതിന് ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ സഹകരണത്തോടെ പ്രതിരോധ വാക്സിനുകളും വിറ്റാമിൻ, അയൺ ടാബ്ലെറ്റുകളും നൽകുന്നുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും തിളപ്പിച്ചാറിച്ചതും ഫിൽറ്ററിൽ അരിച്ച് മാലിന്യമുക്തമാക്കിയതുമായ കുടിവെള്ളം നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ ടോയ്ലെറ്റുകളും മൂത്രപ്പുരകളും ശുചിത്വപൂർണ്ണവും അണുവിമുക്തവുമാണ്. കായികശേഷി ഉറപ്പുവരുത്തുന്നതിന് എല്ലാ ദിവസവും പ്രഭാതത്തിൽ സ്കൂൾ അസംബ്ലിയിൽ കുട്ടികളെക്കൊണ്ട് വ്യായാമം, യോഗ എന്നിവ ചെയ്യിയ്ക്കുന്നുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അർഹമായ പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ വിദ്യാലയ വികസന സമിതിയുടെ സഹായത്തോടെ സ്കൂളിന് ഭൗതികവും, സാമൂഹികവും, അക്കാദമികവുമായ മേഖലകളിൽ മികവ് പുലർത്താൻ മുൻ വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തിയുള്ള അന്തർദ്ദേശീയ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന പദ്ധതികളാണ് ഈ വികസന രേഖ ലക്ഷ്യമിടുന്നത്.

# നമ്മുടെ വിദ്യാലയം

1862 - 63 ൽ ഒരു ലോവർ പ്രൈമറി സ്കൂളായി സ്ഥാപിതമായ ഈ മഹദ് വിദ്യാലയം 1949- ൽ അന്നത്തെ തിരുകൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ.പറവൂർ ടി.കെ.നാരായണപിള്ളയുടെ ശ്രമഫലമായി ഹൈസ്കൂൾ പദവിയിലേക്കുയർത്തപ്പെട്ടു. പുത്തിയിൽ ഭാസ്കരൻ മൂത്തത് ഈ വിദ്യാലയം ഹൈസ്കൂൾ ആക്കുവാനും, ഉന്നമനത്തിനായും പ്രവർത്തിച്ച മഹദ് വ്യക്തിയാണ്. കേരളത്തിലാദ്യമായി ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ച് ഇംഗ്ലീഷ് പള്ളിക്കൂടം എന്ന പേര് സമ്പാദിച്ച ഖ്യാതിയും ഈ സ്കൂളിനുണ്ട്. 1980 ൽ വിദ്യാലയം മോഡൽ സ്കൂൾ പദവിയിലേക്കുയർന്നു. 1997-ൽ ആരംഭിച്ച ഹയർ സെക്കണ്ടറി കോഴ്സിൽ പത്ത് ബാച്ചുകളിലായി 489 വിദ്യാർത്ഥികൾ പഠിക്കുന്നു. അഞ്ചു മുതൽ പത്തു വരെ ക്ലാസ്സുകളിലായി 326 വിദ്യാർത്ഥികളും പഠിക്കുന്നു.

ഈ വിദ്യാലയത്തിൽ നിന്നും നിരവധി പ്രശസ്തരായ വ്യക്തികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ജസ്റ്റീസ് അന്നാ ചാണ്ടി, പ്രമുഖ സിനിമ സംവിധായകനും ഗാനരചയിതാവുമായ ശ്രീ.ശ്രീകുമാരൻ തമ്പി, ശ്രീമതി.ലളിതാംബികാ അന്തർജനം, മുൻ മന്ത്രി ശ്രീ.എ.അച്ചുതൻ, ശ്രീ.സി.ബി..സി.വാര്യർ, ശ്രീ.വി.തുളസിദാസ്, പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമായിരുന്ന ശ്രീ.ബിജു പ്രഭാകർ, പ്രശസ്തകവി ശ്രീ.പി.നാരായണ കുറുപ്പ്, പ്രശസ്ത ജ്യോതിഷ പണ്ഡിതൻ ശ്രീ. എൻ.എം.സി.വാര്യർ, അഡ്വ.എൻ.എം.സി.വാര്യർ, ഡോ.എൻ.എം.സി.വാര്യർ, ഹരിപ്പാട് മുൻ എം.എൽ.എ.ശ്രീ.ടി.കെ.ദേവകുമാർ, സിനിമാ സംഗീത സംവിധായകൻ ശ്രീ.എം.ജി.രാധകൃഷ്ണൻ, കലാമണ്ഡലം മുൻ ചെയർമാനും, കേരള സർവ്വകലാശാല മലയാള വിഭാഗം മുൻ മേധാവിയും ആയിരുന്ന ഡോ. വി.എസ്.ശർമ്മ, പ്രശസ്ത സംഗീതജ്ഞ ഡോ.കെ.ഓമനക്കുട്ടി എന്നിവർ ഈ വിദ്യാലയത്തിലൽ പഠനം നടത്തിയവരാണ്.

പ്രശസ്തമായ വിജയങ്ങൾ ആദ്യകാലങ്ങളിൽ തന്നെ നേടിയെടുക്കുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഡോ.വി.രാമകൃഷ്ണപിള്ള (1966) ശ്രീ.പി. രാജശേഖരൻപിള്ള (1967), ശ്രീ.മാത്യു തരകൻ, ശ്രീ.ബാലകൃഷ്ണൻ എന്നിവർ ആദ്യ റാങ്കുകൾ നേടി വിദ്യാലയത്തിന്റെ യശസ്സിനെ വാനോളമുയർത്തി. 1960-80 കാലഘട്ടങ്ങളിൽ പ്രവേശന പരീക്ഷ നടത്തിയാണ് ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലേക്ക് കുട്ടികളെ തെരഞ്ഞെടുത്തിരുന്നത്.

ഇപ്പോൾ എസ് എസ് എൽ സിക്ക് തുടർച്ചയായ 100% വിജയവും ഹയർ സെക്കണ്ടറി തലത്തിലെ 80% ത്തിന്റ മുകളിലുള്ള വിജയവും എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

എൻ സി സി, എൻ എസ്സ് എസ്സ്, എസ് പി സി, അസാപ്പ്, കരിയർ ഗൈഡൻസ്, ഹെൽത്ത് ക്ലബ്, നേച്ചർ ക്ലബ്, ടൂറിസം ക്ലബ്, നല്ലപാഠം പ്രവർത്തനങ്ങൾ എന്നിവ സക്രിയമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു.

പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ അഞ്ച് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള ആവശ്യമുള്ള മുഴവൻ വിദ്യാർത്ഥികൾക്കും സമ്പൂർണ്ണ ഉച്ചഭക്ഷണ വിതരണം ഭംഗിയായി നൽകി വരുന്നു. നല്ലപാഠം പ്രവർത്തകരുടെ ശ്രമഫലമായി ഒരു വിദ്യാർത്ഥിക്ക് വീട് നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുവാൻ കഴിഞ്ഞു. നല്ലപാഠം പദ്ധതിയിലെ നാലാമത്തെ മികച്ച സ്കൂളായി ഈ വിദ്യാലയത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

ദേശീയ ശാസ്ത്രമേള, സംസ്ഥാന കായികമേള, സംസ്ഥാന ശാസ്ത്രമേള, സംസ്ഥാന സ്കൂൾ കലോത്സവം എന്നിവയിൽ അഭിമാനാർഹമായ വിജയം ഇവിടുത്തെ കുട്ടികൾ തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്നു.

ഫീഡിംഗ് സ്കൂളുകൾ

1. മണ്ണാറശ്ശാല യു പി എസ്സ്
2. ഗവ. യു പി എസ്സ്, ഹരിപ്പാട്.
3. ഗവ. യു പി എസ്സ്, വഴുതാനം
4. വി കെ എൻ എം എൽ പി എസ്സ്, ഹരിപ്പാട്
5. ഗവ. എൽ പി എസ്സ്, ഹരിപ്പാട്.
6. ഗവ. യു പി എസ്സ്, വെള്ളംകുളങ്ങര.
7. ആരൂർ എൽ പി എസ്സ്,
8. ടാഗോർ സെൻട്രൽ സ്കൂൾ, ഹരിപ്പാട്.
9. കാർത്തിക വിദ്യാനികേതൻ, ഹരിപ്പാട്.
10. അമൃത വിദ്യാലയം, ഹരിപ്പാട്.
11. ഹോളി ട്രിനിറ്റി വിദ്യാ ഭവൻ, കാർത്തികപ്പള്ളി
12. മാധവാ എജ്യുക്കേഷണൽ സെന്റർ, പള്ളിപ്പാട്.
13. ആബട്ട് ഗ്രിഗറി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാരിച്ചാൽ.

പൊതുവിദ്യാഭ്യാസ വകുപ്പും സർവ്വ ശിക്ഷാ അഭിയാനും നൽകിയ വിവിധ പരിശീലനങ്ങളിൽ മുഴുവൻ അദ്ധ്യാപകരും പങ്കെടുക്കുകയും അവരവരുടെ കഴിവിനനുസരിച്ച് അവ ക്ലാസ്സ് മുറികളിൽ ഫലപ്രദമായി കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

- വൈഞ്ജാനിക രംഗത്തുള്ള കുട്ടികളുടെ ഗവേഷണ അഭിരുചിയെ പരിപോഷിപ്പിക്കുവാൻ സ്കൂളിൽ സജ്ജമാക്കിയിട്ടുള്ള സ്ട്രീം ലാബ് പ്രയോജനപ്പെടുത്തുന്നുണ്ട്.
- സ്കൂൾ ലൈബ്രറിയുടെ നവീകരണം കുട്ടികളുടെ വായനാ ശീലം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകുന്നുണ്ട്.
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 10 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കാൻ കഴിഞ്ഞത് പഠനം കൂടുതൽ ആയാസകരവും ആഹ്ലാദകരവും ആക്കിയിട്ടുണ്ട്.
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമെന്നോണം വിവിധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.സി.സി എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നുണ്ട്.
- കുട്ടികളിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവയ്ക്ക് പരിഹാരം കാണാനായി കൗൺസിലറുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.
- പാഠ്യപ്രവർത്തനങ്ങൾക്കുപരിയായി പൊതു വിജ്ഞാനത്തിലും കുട്ടികളുടെ മികവ് തെളിയിക്കാൻ അവസരം ഉണ്ടാക്കുന്നുണ്ട്.
- സ്കൂളിന്റെ യശസ്സ് ഉയർത്തിക്കാട്ടുന്ന പ്രധാന സംരംഭമായ ഐഡിയൽ ലാബ് ഉപയോഗപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങൾ ഫലപ്രദമായി നടത്താൻ കഴിയുന്നുണ്ട്.
- ജനാധിപത്യവ്യവസ്ഥയിൽ അധിഷ്ഠിതമായി സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുകയും ലീഡർമാരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്.
- സ്കൂളിന്റെ പൊതുവായ അച്ചടക്കം, കാമ്പസ് ശുചീകരണം ഇവയിൽ നിലനിർത്താൻ ചുമതലപ്പെടുത്തുന്ന അധ്യാപർ, എസ്.പി.സി, എൻ.സി.സി കേഡറ്റ് എന്നിവർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

- ഐ.ഇ.ഡി കുട്ടികൾക്കായി റിസോഴ്സ് ടീച്ചറിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്.
- കുട്ടികളുടെ മാനസികകോല്ലാസത്തിനായി പഠന വിനോദ യാത്രകൾ സംഘടിപ്പിക്കാറുണ്ട്.
- അർഹതയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് യഥാസമയം നൽകാൻ കഴിയുന്നുണ്ട്.
- പുതിയ സ്കൂൾ കെട്ടിടത്തിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- യൂണിറ്റ് ടെസ്റ്റുകൾ ടേം മൂല്യനിർണ്ണയം എന്നിവ ചിട്ടയായി നടത്താനും ക്ലാസ്സ് പി.ടി.എ വിളിച്ചു കൂട്ടാനും കഴിഞ്ഞിട്ടുണ്ട്.
- പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ ദിനാചരണം കൂടുതൽ ആകർഷകമാക്കുന്നുണ്ട്.
- എസ്.എസ്.എൽ.സി കുട്ടികൾക്കായി പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കാറുണ്ട്.
- കുട്ടികളുടെ സുരക്ഷ മുൻനിർത്തി സെക്യൂരിറ്റിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- സ്കൂളിന്റെ പുരോഗതി ലക്ഷ്യമിട്ട് പിടിഎ യുടെ സഹകരണം ഉറപ്പുവരുത്തുന്നുണ്ട്.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരമുള്ള പഠനസാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള ഭൌതീകവും, സാമൂഹികവും, അക്കാദമികവുമായ സാഹചര്യങ്ങൾ ഒരുക്കുക.

വായന, എഴുത്ത്, ഗണിതം, ശാസ്ത്രം എന്നിവയിൽ ഓരോ കുട്ടിയുടേയും കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും, പ്രതിഭാ സമ്പന്നരായ വിദ്യാർത്ഥികൾക്കും അർഹമായ പരിഗണന നൽകിക്കൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

വിദ്യാർത്ഥികളിൽ ശാസ്ത്രബോധം, ഗവേഷണ തൽപരത എന്നിവ വളർത്തുന്നതിനും ശാസ്ത്രപഠനം രസകരമാക്കുന്നതിനും ലാബുകൾ സജ്ജമാക്കുക.

ഐസിടി സഹായത്തോടെ വിവിധ വിഷയങ്ങൾ പഠിക്കുന്നതിനും, സാങ്കേതിക പരിജ്ഞാനം നേടുന്നതിനുമുള്ള സൌകര്യങ്ങൾ ഉറപ്പുവരുത്തുക.

ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയുടെ ആധുനികവൽക്കരണത്തിലൂടെ വായനയെ പരിപോഷിപ്പിക്കുക.

ഭിന്നശേഷിക്കാർക്കും പഠനവൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും വിദ്യാഭ്യാസം നേടുന്നതിനാവശ്യമായ സൌകര്യങ്ങൾ ഒരുക്കുക.

വിദ്യാർത്ഥികളുടെ കലാ-കായിക-ആരോഗ്യ മേഖലകളിലെ സമ്പൂർണ്ണ വികാസത്തിനുള്ള ഭൌതികവും അക്കാദമികവുമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക.

പ്രതിമാസ ഫീൽഡ് ട്രിപ്പ്, സെമിനാർ, നാടകം, ശിൽപശാല, ചിത്രീകരണം എന്നിവയ്ക്കാവശ്യമായ പഠനാന്തരീക്ഷം ഒരുക്കുക.

കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായുള്ള ജൈവകൃഷി പരിപോഷണം, ഔഷധോദ്യാനം എന്നിവ നടപ്പാക്കുക.

- പഠനപരിസരവുമായി ബന്ധപ്പെടുത്താനും തികഞ്ഞ ആത്മവിശ്വാസത്തോടെ പഠനപാതയിൽ ഉറച്ചു നിൽക്കാനും കഴിയുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- അക്കാദമിക മികവിനൊപ്പം മൂല്യവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാനുതകുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കുക.
- ഉച്ചഭക്ഷണപരിപാടി കൂടുതൽ കാര്യക്ഷമമാക്കാനായി പാചകപ്പുരയും, mess room ഉം നടപ്പാക്കുക.
- കുട്ടികളിലെ മാനസിക സമ്മർദ്ദം കുറയ്ക്കാനായി കായിക പരിശീലനം നൽകേണ്ടതിന്റെ ഭാഗമായി ഗ്രൗണ്ട് പ്രവർത്തനക്ഷമമാക്കുകയും സ്ഥിരം കായികാധ്യാപകന്റെ സേവനം ലഭ്യമാക്കുകയും ചെയ്യുക.
- ആർട്ട്, വർക്ക് എന്നിവയ്ക്കായി പ്രത്യകം അധ്യാപകരെ നിയോഗിച്ചുകൊണ്ട് കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക.

## മോണിറ്ററിംഗ്

അദ്ധ്യാപക ശാക്തീകരണത്തിനായി എസ് ആർ ജി യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ചു കൂട്ടുന്നു. കൂടാതെ പ്രഥമാധ്യാപകന്റെ ക്ലാസ് മോണിറ്ററിംഗ് നടക്കുന്നു.

അദ്ധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല അദ്ധ്യായന വർഷാരംഭത്തിൽ തന്നെ നൽകുന്നു. അദ്ധ്യാപകർ അവധിയെടുക്കുന്ന സാഹചര്യത്തിൽ അദ്ധ്യാപനത്തിന് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നു

**അദ്ധ്യായന വർഷാരംഭത്തിൽ ചുമതല നൽകിയ അധ്യാപകർ**

| ചുമതലകൾ | അധ്യാപകർ |
|---|---|
| സീനിയർ അസിസ്റ്റന്റ് | ഗീതാകുമാരി.എസ് |
| സ്റ്റാഫ് സെക്രട്ടറി | നന്ദിതാരശ്മി.എം.എൽ |
| എസ്.ആർ.ജി കൺവീനർ | ആശ.എസ് |
| കലാമേള | അമ്പിളി.പി, ശ്രീരേഖ.എസ് |
| കായികമേള | രാജ്കുമാർ |
| ഉച്ചഭക്ഷണം | അമ്പിളി.ആർ |
| എൻ.സി.സി | നിയാസ്ഖാൻ.എൻ |
| എസ്.പി.സി | തസ്നി. ലത.വി.പിള്ള |

| ക്ലബ്ബുകൾ | ചുമതലയുള്ള അദ്ധ്യാപകൻ |
|---|---|
| ഗണിതം | അമ്പിളി.പി |
| സയൻസ് | ആശ ഭാസ്കർ |
| സാമൂഹ്യശാസ്ത്രം | ആശ.എസ് |
| മലയാളം | ശ്രീലത.കെ |
| ഇംഗ്ലീഷ് | ജസീന്ത.എം |
| ഹിന്ദി | ഗീതാകുമാരി.എസ് |
| ഐ.ടി | ഷംല.എസ് |
| വിദ്യാരംഗം | സജില.എസ് |

എല്ലാ കുട്ടികൾക്കും നിർദ്ദേശിച്ച പഠനനേട്ടം ഉറപ്പുവരുത്തുന്നതിന് അദ്ധ്യാപകർ സ്പെഷ്യൽ ക്ലാസുകൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്, രക്ഷാകർതൃ യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. കുട്ടികളുടെ മലയാള അക്ഷരം ഉറപ്പിക്കുന്നതിനായി ഒൻപതാം ക്ലാസ്സുകളിൽ 'നവപ്രഭ' പദ്ധതിയും യുപി കുട്ടികൾക്കായി 'മലയാളത്തിളക്കം' പരിപാടിയും നടപ്പിലാക്കുന്നു.

## വിദ്യാലയ നേതൃത്വവും സ്ഥിതിപരിപാലനവും

മികച്ച ഭൌതികവും അക്കാദമികവുമായ അന്തരീക്ഷം ഒരുക്കുവാൻ വിദ്യാർത്ഥിയുടെ സമഗ്രവികസനം ലക്ഷ്യമിടൽ.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണ ഓരോ കുട്ടിയും ഉറപ്പാക്കൽ ജനകീയ പങ്കാളിത്തത്തോടെയുള്ള വിദ്യാലയ പ്രവർത്തനം

ദൈനംദിന കാര്യങ്ങളിൽ പ്രഥമാദ്ധ്യാപിക, സീനിയർ അദ്ധ്യാപകരുമായി കൂടിയാലോചിച്ച് തീരുമാനങ്ങളെടുക്കുന്നു. എല്ലാ അദ്ധ്യാപകരുടേയും പിന്തുണ ഉറപ്പാക്കുന്നു.

അദ്ധ്യാപകർക്ക് നൽകിയ വിവിധ പ്രവർത്തനങ്ങൾ ആവശ്യാനുസരണം സമയബന്ധിതമായി അദ്ധ്യാപക കൂട്ടായ്മയിലൂടെ നടപ്പാക്കുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്. പ്രഥമാദ്ധ്യാപിക ഇത് വിലയിരുത്തുന്നു.

## ആരോഗ്യം, സുരക്ഷ

എല്ലാ കുട്ടികൾക്കും പഠിക്കാനും വികസിക്കാനും കഴിയും എന്ന ആശയമാണ് വിദ്യാഭ്യാസസാർവ്വത്രികവൽക്കരണത്തിന് അടിസ്ഥാനം. വിദ്യാർത്ഥികൾക്ക് സൌഹൃദപരമായ പഠനാന്തരീക്ഷം ഉണ്ടാക്കിയെടുക്കുവാൻ അദ്ധ്യാപകർക്കൊപ്പം രക്ഷകർത്താക്കളും പൊതുസമൂഹവും ഒന്നിക്കണം.

## അവസ്ഥാ വിശകലനം - ഭൗതികം

എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് പൊതുവിദ്യാലയത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ജീവിതത്തിന്റെ സമസ്തമേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്. വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പാശ്ചാത്തലമുള്ള വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിയ്ക്കാനും സ്കൂളുകളിലും ജീവിതത്തിലും വിജയം കൈവരിയ്ക്കനും കഴിയുമെന്ന് ഉറപ്പുവരുത്തണം. ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും കാലോചിതമായ നവീകരണം സാദ്ധ്യമാവുകയും ചെയ്യുമ്പോൾ വിദ്യാലയം മികവുറ്റതാകുന്നു.

നമ്മുടെ ഈ പൊതുവിദ്യാലയത്തിന് ആകെ ലഭ്യമായ സ്ഥലം അഞ്ച് ഏക്കറാണ്. മൂന്നേക്കർ വിസ്തൃതിയുള്ള ഒരു കളിസ്ഥലം സ്കൂളിനുണ്ട്. 5 മുതൽ 12 വരെ ക്ലാസ്സുകളിലേയ്ക്കുള്ള അദ്ധ്യയനമാണ് ഇവിടെ നടക്കുന്നത്.

| ക്ലാസ്സ് യുപി / ഹൈസ്കൂൾ | കുട്ടികളുടെ എണ്ണം |
|---|---|
| V | 2 |
| VI | 4 |
| VII | 11 |
| VIII | 89 |
| IX | 106 |
| X | 114 |
| ആകെ | 326 |

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാദ്ധ്യമാക്കാനായി കലാപഠനവും പ്രവൃത്തി പഠനവും സ്കൂളിൽ നടത്തുന്നുണ്ട്. എങ്കിൽത്തന്നെയും അതിനാവശ്യമായ മുറികളോ മറ്റു സാമഗ്രികളോ നിലവിൽ ലഭ്യമല്ല.

മുഴുവൻ സമയ ലൈബ്രേറിയനേയും ലൈബ്രറിയിലേക്ക് കൂടുതൽ വായനാപുസ്തകങ്ങളും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

ഗണിത ശാസ്ത്ര ലാബുകളും ഭാഷാ ലാബുകളും നിലവിലില്ല. ഇവയുടെ തനതു സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാനുള്ള മതിയായ അവസരം പലപ്പോഴും കിട്ടാതെ വരുന്നു.

കുട്ടികളുടെ ആരോഗ്യ കായിക വികസനഘട്ടങ്ങളെ ശരിയായി പരിപോഷിപ്പിക്കാൻ ഉതകുന്ന കൂടുതൽ കളിയുപകരണങ്ങൾ ലഭ്യമാകേണ്ടിയിരിക്കുന്നു.

മാലിന്യ നിർമ്മാർജ്ജനത്തിനായി സ്ഥിരമായ ഒരു സംവിധാനത്തിന്റെ അഭാവം നിലനിൽക്കുന്നുണ്ട്.

കുട്ടികളേയും രക്ഷിതാക്കളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. ഓരോ കുട്ടിയുടേയും വ്യക്തിപരവും കുടുംബപരവുമായ പശ്ചാത്തലം മനസ്സിലാക്കുവാൻ അദ്ധ്യാപകർക്ക് കഴിയാറുണ്ട്. രക്ഷിതാക്കളുമായി ആശയവിനിമയം നടത്താൻ അദ്ധ്യാപകർ ശ്രദ്ധിക്കാറുണ്ട്. അതിലൂടെ രക്ഷിതാവും വിദ്യാലയവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുന്നു.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എസ്സ് എസ്സ് എ, ആർ എം എസ് എ തുടങ്ങിയ പദ്ധതികൾ വിദ്യാഭ്യാസരംഗത്തെ ശക്തിപ്പെടുത്തുന്നതിൽ ഏറെക്കുറെ പ്രയോജനപ്പെടുത്തുന്നുവെങ്കിലും അതിന്റേതായ പരിമിതികളുമുണ്ട്. സൌജന്യ പാഠപുസ്തകങ്ങൾ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ലഭ്യമാണ്.

**പ്രശ്നങ്ങൾ**

- റിസോഴ്സ് പേഴ്സന്റെയും റിസോഴ്സ് റൂമിന്റേയും ഉപകരണങ്ങളുടേയും അഭാവം
- പ്രത്യേക പാഠപുസ്തകങ്ങൾ
- ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനുള്ള ശാസ്ത്രീയ രീതികളുടെ അഭാവം.

എ ഇ ഓയും ഡി ഇ ഓയും യഥാസമയങ്ങളിൽ സ്കൂൾ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. പ്രഥമാദ്ധ്യാപികയുടെ ക്ലാസ് മോണിറ്ററിംഗ് വളരെ ചിട്ടയായിത്തന്നെ നടക്കുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് സ്കൂൾ പ്രവർത്തനങ്ങൾ എല്ലാം തന്നെ നന്നായി നടക്കുന്നുണ്ട്.

## ജലലഭ്യത

ജലശുദ്ധീകരണ പരിപാടിയുടെ ഭാഗമായി നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നുണ്ട്. മഴവെള്ള സംഭരിണിയിൽ ജലം സംരക്ഷിക്കുന്നുണ്ട്. കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളവും റിവേഴ്സ് ഓസ്മോസിസ് വഴി ഫിൽറ്റർ ചെയ്ത വെള്ളവും കുടിയ്ക്കാൻ നൽകുന്നുണ്ട്.

## അസംബ്ലി

എല്ലാ ദിവസവും ചിട്ടയായ രീതിയിൽ അസംബ്ലി നടത്തുന്നു. പത്രവായന, വായനാക്കുറിപ്പ്, ചിന്താവിഷയം, വ്യായാമ മുറകൾ, യോഗ എന്നിവയും അതിൽ ഉൾപ്പെടുന്നു. മഴക്കാലത്ത് അസംബ്ലി നടത്തുവാൻ പാകത്തിന് ഒരു അസംബ്ലി ഹാളിന്റെ അപര്യാപ്തതയുണ്ട്.

## ഉച്ചഭക്ഷണം

ഇലക്കറികളും ജൈവ പച്ചക്കറികളും ഉച്ചഭക്ഷണത്തിൽ പ്രയോജനപ്പെടുത്തുന്നു. ഇതിലേക്കായി സ്കൂളിൽ കൃഷിവകുപ്പിന്റെ സഹകരണത്തോടെ ഒരു പച്ചക്കറിത്തോട്ടവും സജ്ജമാക്കിയിട്ടുണ്ട്.

## എൻ സി സി / എസ് പി സി

എൻ സി സി / എസ് പി സി എന്നിവയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുണ്ട്. കുട്ടികളുടെ വ്യക്തിത്വ വികസനവും സാമൂഹികം, സ്വഭാവരൂപീകരണവും ഇതിലൂടെ ഏറെക്കുറെ മെച്ചപ്പെടുന്നുണ്ട്.

## പൂർവ്വ വിദ്യാർത്ഥി സംഘടന / പി ടി എ

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പങ്കാളിത്തം ലഭ്യമാകുന്നുണ്ട്. പി ടി എ യും സജീവമായി രംഗത്തുണ്ട്. ക്യാമ്പുകളിലും കൃഷിയിലും സ്കൂളിലെ മറ്റു പരിപാടികളിലും എം പി ടി എ ഭാരവാഹികളുടെ കൂട്ടായ്മ ശ്രദ്ധേയമാണ്. പി ടി എ എക്സിക്യൂട്ടീവ് കൂടി പ്രധാന കാര്യങ്ങളിലെല്ലാം തീരുമാനം

കൈക്കൊള്ളാറുണ്ട്. മാസത്തിൽ രണ്ട് തവണയെങ്കിലും ക്ലാസ് പി ടി എ കൂടുകയും കുട്ടികളുടെ പഠന നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യാറുണ്ട്.

പരിഹാരബോധന ക്ലാസുകളും കൃത്യമായി നടത്തിവരുന്നുണ്ട്. നവപ്രഭ, ശ്രദ്ധാ ക്ലാസ്സുകളും ഫലപ്രദമായി നടന്നുപോകുന്നുണ്ട്.

## ജൈവവൈവിദ്ധ്യ പാർക്ക്

പ്രകൃതിയെ അടുത്തറിയുവാനും 'പരിസരം ഒരു പാഠപുസ്തകം' എന്ന ആശയത്തിലൂന്നി പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനു വേണ്ടി ജൈവവൈവിദ്ധ്യ പാർക്കുകൾ നിർമ്മിയ്ക്കുക. ഇതിൽ ശലഭോദ്യാനം, ഔഷധോദ്യാനം എന്നിവ ഉണ്ടായിരിയ്ക്കണം. ഇതു കൂടാതെ വനവൃക്ഷങ്ങൾ കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ വെച്ചു പിടിപ്പിയ്ക്കുകയും ഇവ ശാസ്ത്രീയമായി നാമകരണം ചെയ്ത ബോർഡുകൾ സ്ഥാപിയ്ക്കുകയും വേണം.

കുട്ടികളുടെ ശാസ്ത്രപഠന പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണം അവർ ശാരീരികമായും മാനസികമായും നേരിടുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് കുട്ടികളുടെ ശാരീരിക മാനസിക പ്രത്യേകതകൾ രേഖപ്പെടുത്തുന്നതിനായി ഒരു നിശ്ചിത ഫോർമാറ്റ് വികസിപ്പിയ്ക്കുക.

## പഠന പിന്നോക്കക്കാർക്കായി അധിക പരിശീലനം

'ശ്രദ്ധാ', 'നവപ്രഭ' തുടങ്ങിയ പദ്ധതി വിപുലീകരിച്ചു കൊണ്ട് പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം എത്തിയ്ക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുക.

## ഗവേഷണ പ്രൊജക്ടുകൾ

വ്യക്തിഗത പ്രൊജക്ട്, ഗ്രൂപ്പ് പ്രൊജക്ട്, അദ്ധ്യാപക പ്രൊജക്ട് എന്നീ മൂന്നു വിഭാഗങ്ങളിലായി പഠന ഗവേഷണ പ്രൊജക്ടുകൾ തയ്യാറാക്കുക.

## സയൻസ് ലൈബ്രറി

ശാസ്ത്ര സംബന്ധിയായ മാസികകൾ, വാരികകൾ, ജേർണലുകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ ഇവ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി നിർമ്മിയ്ക്കുന്നു.

## യു പി ഗണിതം

ഗണിതപഠനം കൊണ്ട് ലക്ഷ്യമിടുന്നത് ചിന്തകളുടെ ഗണിതവൽക്കരണമാണ്. ഒരു ആശയം പഠിക്കുക എന്നത് കേവലം പ്രക്രിയാബന്ധിതപഠനം എന്നതിനപ്പുറം ഏത് പ്രവർത്തനങ്ങളിലും തൊഴിലിലും ഏർപ്പെടാനുള്ള മനോഭാവവും ഉത്തരവാദിത്തവും വികസിപ്പിക്കുക എന്നതും കൂടിയാണ് നിർവ്വചിക്കുന്നത്. എന്താണ് മെച്ചപ്പെട്ട ഗണിതപഠനം? വസ്തുക്കളെ സൂക്ഷ്മമായി മനസ്സിലാക്കാനും മനസ്സിലായ കാര്യങ്ങൾ വ്യക്തമായി ആവിഷ്കരിക്കുവാനുമുള്ള കഴിവാണ് ഗണിത പഠനത്തിലൂടെ നേടിയെടുക്കേണ്ടത്.

ഗഹനവും അമൂർത്തവും യുക്തധിഷ്ഠിതവുമായ ഗണിതാശയങ്ങളെ പഠിതാക്കളിൽ എത്തിക്കുന്നതിന് വിവിധരീതികളും തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടതാണ്. ഓരോ കുട്ടിക്കും ഗണിതത്തോടുള്ള ഭയം മാറി തനിക്ക് ഗണിതം പഠിക്കാൻ കഴിയും എന്ന ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കണം . ഇതിനനുസൃതമായ പ്രവർത്തനങ്ങൾ നമ്മൾ ഉറപ്പാക്കണം.

## ഗണിതപഠനം പ്രശ്നങ്ങൾ

| അക്കാദമികം | ഭൌതികം | സാമൂഹികം |
|---|---|---|
| എല്ലാ ക്ലാസ്സിലേയും എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. | ക്ലാസ്സ് മുറികൾ ഐസിടി അധിഷ്ഠിതമല്ല | സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ലഭ്യമല്ല |
| പ്രൈമറി ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല | ഗണിത ലാബിന്റെ അഭാവം | |
| ഐസിടി അധിഷ്ഠിത പഠനത്തിലെ പരിമിതി | | |

## കാരണങ്ങൾ

| കുട്ടികൾ | അദ്ധ്യാപകർ | സംവിധാനം | രക്ഷിതാക്കൾ |
|---|---|---|---|
| ഗണിതം കഠിനം എന്ന മുൻവിധി | വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നില്ല | ക്ലാസ്സ് മുറികളിൽ ഐസിടി പ്രയോഗിക്കാനുള്ള സാഹചര്യം ഇല്ലായ്മ | പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല. |
| നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്നില്ല | സമയക്കുറവ് | പരിശീലനങ്ങൾ ഫലപ്രദമാവാത്ത അവസ്ഥ | സാമ്പത്തിക പരാധീനത |

| പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| പ്രീടെസ്റ്റ് നടത്തി നിലവാരം അറിയുക | പ്രീ ടെസ്റ്റ് |
| അടിസ്ഥാന ആശയങ്ങളിൽ ഉറപ്പുണ്ടാക്കുക | അടിസ്ഥാന ആശയങ്ങൾ നേടാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. |
| ഗണിതലാബ് സജ്ജമാക്കുക | ആവശ്യമുള്ള ഉപകരണങ്ങൾ ശേഖരിക്കുക |
| ക്ലാസ് റൂം ഹൈടെക്ക് ആക്കുക | അദ്ധ്യാപകർക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി പരിശീലനം നൽകുക |

## യു പി – സാമൂഹ്യ ശാസ്ത്രം

### പ്രശ്നങ്ങൾ

- ചരിത്ര വസ്തുതകളെ വ്യാഖ്യാനിക്കാൻ കഴിയുന്നില്ല.
- ചരിത്ര സംഭവങ്ങളുടെ കാലഗണന നടത്തുവാൻ കഴിയുന്നില്ല.
- ഭൂപ്രദേശങ്ങളുടെ സ്ഥാന നിർണ്ണയം നടത്തുവാൻ കഴിയുന്നില്ല.
- സാമൂഹ്യ ശാസ്ത്ര അവബോധം സൃഷ്ടിക്കപ്പെടുന്നില്ല.
- മാനവീയ കാഴ്ചപ്പാട് രൂപപ്പെടുന്നില്ല.

### കാരണങ്ങൾ

- പാഠഭാഗങ്ങളുടെ ബാഹുല്യം
  സമയക്കുറവ്
  ആവർത്തന വിരസത
- സാങ്കേതിക സഹായം സമയത്ത് എല്ലാവരിലും എത്തിക്കുവാൻ കഴിയുന്നില്ല.

### പരിഹാര നിർദ്ദേശങ്ങൾ

- ചരിത്രനാടകം
- ചരിത്രക്വിസ്
- ചരിത്രസിനിമ
- ടൈം ലൈൻ
- സാമൂഹ്യശാസ്ത്ര ലാബ്
- ജ്യോതിശാസ്ത്രലാബ്
- ഭൂപട വായന സെമിനാറുകൾ
- സംവാദങ്ങൾ
- സർവ്വേ
- ചർച്ച
- അഭിമുഖം

## മാതൃഭാഷാ പഠനം

### പ്രശ്നങ്ങൾ

- വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ കഴിയുന്നില്ല.
- വിദ്യാർത്ഥികൾക്ക് സർഗ്ഗാത്മകശേഷി വളർത്തിയെടുക്കുന്നതിനുള്ള പഠനാന്തരീക്ഷം ലഭിക്കുന്നില്ല.
- പഠനപ്രവർത്തനങ്ങളിൽ എല്ലാ വിദ്യാർത്ഥികളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല.
- പഠനപ്രവർത്തനങ്ങളിൽ ഐസിടി സഹായം എല്ലാ വിദ്യാർത്ഥികളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
- വായനയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമല്ല.

### പരിഹാരനിർദ്ദേശങ്ങൾ / പ്രവർത്തനങ്ങൾ

- ലാങ്ഗ്വേജ് ലാബുകൾ ക്രമീകരിക്കുക.
- വായനാ കോർണറിലേക്കാവശ്യമായ പത്രമാസികകളും ആനുകാലികങ്ങളും ലഭ്യമാക്കുക.
- ഐസിടി അധിഷ്ഠിതപഠനത്തിന് അനുകൂലമായ അന്തരീക്ഷമൊരുക്കുക.
- സ്കൂൾ ലൈബ്രറി ആധുനികവൽക്കരിക്കുക.
- സർഗ്ഗാത്മക പ്രകടനത്തിന് അനുയോജ്യമായ വിധത്തിൽ പഠനാന്തരീക്ഷം ഒരുക്കുക.
- ശിൽപശാലകൾ, സെമിനാർ, നാടകം, ചിത്രീകരണം എന്നിവയിലൂടെ സർഗ്ഗാത്മക ശേഷി വളർത്തുന്നതിനും ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ എന്നിവയിലൂടെ നാട്ടറിവുകൾ നേടുന്നതിനുമുള്ള സാഹചര്യങ്ങൾ ഒരുക്കുക.
- സ്കൂൾ മാഗസിനുകൾ, ചുവർപത്രം, മറ്റ് സർഗ്ഗാത്മക രചനകൾ എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ഫണ്ടുകൾ ലഭ്യമാക്കുക.
- ഭാഷാഗവേഷണത്തിനും സാഹിത്യരചനകൾക്കും അനുകൂലമായ വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- അക്ഷരക്കളരി, മണ്ണെഴുത്ത് എന്നിവയിലൂടെ ലേഖനവൈകല്യങ്ങൾ പരിഹരിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
- എഴുത്തുകാർ, സാഹിത്യകാരന്മാർ, കവികൾ എന്നിവരുമായി സംവാദത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനാവശ്യമായ വിധത്തിൽ സ്കൂൾ അന്തരീക്ഷം സജ്ജമാക്കുക.

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഒരു അന്താരാഷ്ട്ര ഭാഷയാണ്. ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കിയാൽ ലോകത്തിന്റെ ഏതൊരു ഭാഗത്തും നടക്കുന്ന വിവരങ്ങൾ ശേഖരിക്കുവാനും പങ്കുവെയ്ക്കുവാനും അറിവിന്റെ അനന്തവിഹായസ്സിലേക്ക് ഒരു വിദ്യാർത്ഥിയ്ക്ക് എളുപ്പത്തിൽ പറന്നുയരുവാനും സാധിക്കും. അതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് സെക്കണ്ടറി തലത്തിൽ ഇംഗ്ലീഷ് പഠനം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വിദ്യാർത്ഥികൾ ശ്രവണം, ഭാഷണം, വായന, എഴുത്ത് എന്നി മാർഗ്ഗങ്ങളിലൂടെ കടന്നു പോകണം. ഈ മാർഗ്ഗങ്ങളിലൂടെ കടന്നു പോകുന്ന വിദ്യാർത്ഥിയ്ക്കുണ്ടാകുന്ന പ്രയാസങ്ങളും അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

### പ്രശ്നങ്ങൾ

- പൂർണ്ണമായി ഇംഗ്ലീഷിൽ അദ്ധ്യയനം നടത്തിയാൽ എല്ലാ കുട്ടികൾക്കും ഗ്രഹിക്കാൻ സാധിക്കുന്നില്ല. ഈ രീതിയോട് താൽപര്യം കാണിക്കുന്നില്ല.
- ആശയഗ്രഹണം നടന്നാൽത്തന്നെ ഇംഗ്ലീഷിൽ മറുപടി പറയാൻ സാധിക്കുന്നില്ല.
- ചെറിയ ചെറിയ വാക്കുകൾ പോലും തെറ്റു കൂടാതെ ഇംഗ്ലീഷിൽ എഴുതാൻ കഴിയാത്ത കുറച്ചു കുട്ടികളുണ്ട്.
- മാതൃഭാഷയിലൂടെ മാത്രമേ ഇംഗ്ലീഷ് പഠിക്കുന്നുള്ളൂ.
- പദസഞ്ചയം ഗ്രഹിക്കുന്നതിൽ കുട്ടികൾ താൽപര്യം കാണിക്കാത്തത് അവരുടെ ഭാഷാപഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.
- ഇംഗ്ലീഷ് പുസ്തകവായനയുടെ കുറവും കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.
- ഐസിടി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
- ഗ്രാമർ പഠനത്തിന് പ്രാധാന്യം കുറഞ്ഞു പോകുന്നത് ഭാഷാപഠനത്തിന് തടസ്സമാകുന്നു.
- പാഠപുസ്തകത്തിനപ്പുറം ഇംഗ്ലീഷ് കേൾക്കുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല.
- കുടുംബത്തിന്റെ പിന്നോക്കാവസ്ഥയും കുട്ടികളുടെ ഇംഗ്ലീഷ് പഠനത്തെ ബാധിക്കുന്നു.
- ഒരു ചെറിയ ഡിക്ഷ്ണറി പോലും വാങ്ങാൻ കഴിയാത്ത ധാരാളം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ

- കഥകൾ കുട്ടികൾ ഇഷ്ടപ്പെടുന്നതുകൊണ്ട് ചെറിയ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ നൽകുക.
- സ്പോക്കൺ ഇംഗ്ലീഷിന് പ്രാധാന്യം കൊടുക്കുക.
- ആഴ്ചയിൽ ഒരു ദിവസം സ്പോക്കൺ ഇംഗ്ലീഷിനായി മാറ്റി വെയ്ക്കുക. അതിന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുക.
- ദിനാചരണങ്ങൾ ഇംഗ്ലീഷിൽ നടത്തുക.
- മാസത്തിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.
- ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.
- ഒരു ലാങ്ഗ്വേജ് ലാബ് നിർമ്മിക്കുക.
- ഉച്ചാരണം പഠിപ്പിക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ഐസിടി സഹായത്തോടെ കുട്ടികൾക്ക് താൽപര്യം തോന്നിപ്പിക്കുന്ന കഥകളും കവിതകളും ഉൾപ്പെടുത്തുക.
- കഥയും കവിതയും ഇംഗ്ലീഷിൽ എഴുതാൻ പ്രേരിപ്പിക്കുക.
- ഇംഗ്ലീഷ് സ്പീച്ച്, ഇംഗ്ലീഷ് ഗാനാലാപനം ഇവ നടത്താൻ കുട്ടികളെ പ്രേരിപ്പിക്കുക.
- ഇംഗ്ലീഷ് ന്യൂസ് പേപ്പർ കുട്ടികൾക്ക് ലഭ്യമാക്കുക.
- പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ സൌജന്യമായി നൽകുക.

## ഹിന്ദി

ലക്ഷ്യം : യു പി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വായിക്കാൻ സാധിക്കണം.

## പ്രവർത്തനങ്ങൾ

കുട്ടിയുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു. വലിയ അക്ഷരങ്ങളും വർണ്ണ ചിത്രങ്ങളും ഉൾക്കൊള്ളിച്ചുള്ള ഹിന്ദി കഥാ പുസ്തകങ്ങൾ, ചിത്രകഥകൾ തുടങ്ങിയവ ലഭ്യമാക്കുവാൻ തുടങ്ങിയിട്ടുണ്ട്.

## വായനാകാർഡുകൾ തയ്യാറാക്കൽ

ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കുകയും ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനയ്ക്കായി ഒരുക്കുകയും ചെയ്യുന്നു. ബാലഗീതങ്ങൾ, കവിതകൾ, ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടു കൂടി ക്ലാസ്സ് ആരംഭിക്കുന്നു.

## ഹിന്ദി എഴുത്ത്

കോപ്പി ബുക്ക് എഴുതിക്കുക, ക്ലാസ്സ് മാസികകൾ തയ്യാറാക്കിക്കുക, ചുവർ പത്രിക തയ്യാറാക്കിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## ഹിന്ദി ആസ്വാദനം

ആസ്വാദനത്തിന് മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും വിധം അവതരണ പരിപാടികൾ നടത്തുന്നു. അസംബ്ലിയിൽ അവതരണത്തിനുള്ള അവസരമൊരുക്കിയിട്ടുണ്ട്.

മത്സരങ്ങൾ, ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നു.

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ ശ്രാവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യ വിനിയോഗിക്കുവാനും ഐസിടി അധിഷ്ഠിതമായ ക്ലാസ് ഒരുക്കാനും നടപടികൾ ആരംഭിക്കുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ ഐസിടി അധിഷ്ഠിതമായ ഹിന്ദി പഠനം ലക്ഷ്യമിടുന്നു.

## സംസ്കൃത ഭാഷാപഠനത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

- സാങ്കേതിക വിദ്യാ സംവിധാനമുള്ള സംസ്കൃത ക്ലാസ്സ് റൂം ഒരുക്കുക.
- ക്ലാസ്സിൽ തന്നെ ലൈബ്രറി സംവിധാനമൊരുക്കി സംസ്കൃത ഭാഷയിലെ പുസ്തകങ്ങൾ ഉൾപ്പെടുത്തുക.
- ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിലുള്ള മേഖലകൾ തിരിച്ച് സംസ്കൃത ഭാഷയിലെ പുസ്തകങ്ങൾ ആ മേഖലയിൽ വിന്യസിക്കുക.
- പഴയതും പുതിയതുമായുള്ള സംസ്കൃത ഭാഷയിലെ ആനുകാലികങ്ങളുടെ ശേഖരിക്കൽ.
- രസന, ഭാരതമുദ്ര, ലോക സംസ്കൃതം എന്നി പ്രസിദ്ധീകരണങ്ങൾ വരുത്തുക.
- സംസ്കൃത കലോത്സവ സംബന്ധ വിഭവ സമാഹരണവും സൂക്ഷിക്കലും നടത്തുക.
- 'സുധർമ്മ' എന്ന ഓൺലൈൻ ദിനപത്രം പ്രിന്റ് ചെയ്തത് കുട്ടികൾക്ക് നൽകി വായന പ്രോത്സാഹിപ്പിക്കുക.
- എല്ലാ ആഴ്ചകളിലും സംസ്കൃത ക്ലബ്ബ് കൂടുന്നതിനും സെമിനാർ അവതരണത്തിനും ഉതകുന്ന ഭൗതീക അക്കാദമിക സംവിധാനം ഒരുക്കുക.
- സംസ്കൃത കവികളുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത ഭിത്തികൾ
- സംസ്കൃത വാക്കുകൾ റെക്കോർഡ് ചെയ്ത് ഉച്ചാരണം പഠിക്കുന്നതിനുള്ള സംസ്കൃത ലാങ്ഗ്വേജ് ലാബ് സ്ഥാപിക്കുക.

## ഗണിതപഠനം

### പ്രശ്നങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| പ്രൈമറി ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല. | ഗണിതലാബിന്റെ അഭാവം |
| | |
| പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല. | ലൈബ്രറിയുടെ ഫലം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയുന്നില്ല. |
| നിലവിലെ മൂല്യനിർണ്ണയം | |
| രക്ഷിതാക്കൾക്ക് മാർക്ക് മതി എന്ന കാഴ്ചപ്പാട് | |

### കാരണങ്ങൾ

| കുട്ടികളിൽ | അദ്ധ്യാപകരിൽ | സംവിധാനത്തിൽ |
|---|---|---|
| ഗണിതം പ്രയാസം എന്ന മുൻവിധി | എല്ലാ കുട്ടികളേയും പരിഗണിക്കാൻ കഴിയുന്നില്ല | അദ്ധ്യാപക പരിശീലനം വാചികരൂപത്തിൽ ഒതുങ്ങുന്നു |
| താൽപ്പര്യമില്ലായ്മ | വിനിമയത്തിനുള്ള സമയക്കുറവ് | പ്രായോഗിക പരിശീലനം നടത്തുന്ന തരത്തിൽ ക്ലസ്റ്റർ തലങ്ങൾ മാറുന്നില്ല |
| അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് | സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂട് | വിലയിരുത്തലുകൾ നടത്തുന്നുണ്ടെങ്കിലും അഭിപ്രായം ലഭിക്കുന്നില്ല |
| ശ്രദ്ധക്കുറവ് | | |
| പഠന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത് | | |

രക്ഷിതാക്കൾ വീട്ടിൽ ശ്രദ്ധാ കൊടുക്കാത്തതും പഠനാന്തരീക്ഷം ഉറപ്പുവരുത്താത്തതും മൂലം ഗൃഹപാഠം ചെയ്യാത്തതും പ്രഭാത ഭക്ഷണം ഒഴിവാക്കി വരുന്നതു മൂലമുള്ള ഉത്സാഹക്കുറവും കുടുംബബന്ധങ്ങളിലെ താളപ്പിഴകളും ചില കുട്ടികളിലെങ്കിലും പഠനത്തിൽ പിന്നോക്കമാകുന്നതിനു കാരണമാകുന്നുണ്ട്.

## പരിഹാര നിർദ്ദേശം

- അടിസ്ഥാനശേഷി ഉറപ്പിക്കൽ
- ഗണിത ക്ലബ്ബ് വഴി ഗണിതശാസ്ത്രത്തിൽ താൽപര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഗണിതലാബ് തയ്യാറാക്കുക.
- ഗണിതശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുക.
- ഗണിതശാസ്ത്രത്തിനായി അധിക സമയം കണ്ടെത്തുക.
- റിസോഴ്സ് അദ്ധ്യാപകരുടെ ക്ലാസ്സുകൾ സ്കൂളിൽ നടത്തുക.
- ഐസിടി പരിശീലനം അദ്ധ്യാപകർക്ക് കൂട്ടതലായി നൽകുക.
- ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിക്കുക.
- പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പോരായ്മകൾ കണ്ടെത്തുകയും വൈകല്യങ്ങൾ പരിഹരിക്കുകയും ചെയ്യുക.

## വിഷയം - ശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രിയമനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് പ്രയോജനപ്പെടുത്തുക.
5. ശാസ്ത്രരംഗത്തെ നൂതനാശങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1. സയൻസ് ക്ലബ്ബ്, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രലാബ്, ലഘു പരീക്ഷണ മൂല, ശാസ്ത്രമാഗസിൻ
2. പ്രകൃതിപഠനയാത്രകൾ
3. ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തികൊണ്ട് ആചരിക്കൽ
4. പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ
5. ലഹരി വിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ

## വിഷയം - സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക.
3. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

1) സ്കൂൾ ജനാധിപത്യ വേദി ശക്തിപ്പെടുത്തൽ
2) ലഹരിവിരുദ്ധ പ്രവർത്തനം
3) വ്യത്യസ്ത ദിനാചരണങ്ങൾ
4) സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ, അഭിമുഖം.
5) പ്രാദേശിക ചരിത്രരചന
6) പഠനയാത്രകൾ
7) പത്രവാർത്തകൾ അടിസ്ഥാനമാക്കിയുള്ള ചർച്ച
8) ബോധവല്ക്കരണ പ്രവർത്തനങ്ങൾ.
9) പ്രാദേശിക ഭൂപടം തയ്യാറാക്കൽ.
10) പഠനോപാധി

## ഗണിതപഠനം

### പ്രശ്നങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| പ്രൈമറി ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല. | ഗണിത ലാബിന്റെ അഭാവം |
| പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല. | ലൈബ്രറിയുടെ ഫലം പൂർണ്ണമായി വിനിയോഗിയ്ക്കുവാൻ കഴിയുന്നില്ല. |
| നിലവിലെ മൂല്യനിർണ്ണയം | |
| രക്ഷിതാക്കൾക്ക് മാർക്ക് മതി എന്ന കാഴ്ചപാട് | |

### കാരണങ്ങൾ

| കുട്ടികളിൽ | അദ്ധ്യാപകരിൽ | സംവിധാനത്തിൽ |
|---|---|---|
| ഗണിതം പ്രയാസം എന്ന മുൻവിധി | എല്ലാ കുട്ടികളേയും പരിഗണിയ്ക്കാൻ കഴിയുന്നില്ല | അദ്ധ്യാപക പരിശീലനം വാചിക രൂപത്തിൽ ഒതുങ്ങുന്നു. |
| താൽപര്യമില്ലായ്മ | വിനിമയത്തിനുള്ള സമയക്കുറവ് | പ്രായോഗിക പരിശീലനം നടത്തുന്ന തരത്തിൽ ക്ലസ്റ്റർ തലങ്ങൾ മാറുന്നില്ല. |
| അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് | സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂട് | വിലയിരുത്തലുകൾ നടത്തുന്നുണ്ടെങ്കിലും അഭിപ്രായം ലഭിയ്ക്കുന്നില്ല. |
| ശ്രദ്ധാക്കുറവ് | | |
| പഠന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത് | | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ തൃപ്തിയാണ് ആരോഗ്യം. ഓരോ കുട്ടിയുടേയും വികസന പ്രക്രിയയിൽ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. ഒരു വ്യക്തി എത്ര സമ്പത്തു നേടിയാലും അതനുഭവിക്കുണമെങ്കിൽ ആരോഗ്യമുള്ള ശരീരം വേണം. ശരിയായ ഭക്ഷണം, വ്യായാമം, വിശ്രമം, ശ്വസനം കൂടാതെ ശാരീരിക വളർച്ച, കൗമാര പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം തുടങ്ങിയവ കുട്ടികളിൽ കായിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. അതോടൊപ്പം കായിക മേഖലയിൽ താൽപ്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുത്തു മികവു തെളിയിക്കാനുള്ള അവസരം ഉറപ്പാക്കണം.

## ആരോഗ്യ കായിക വിദ്യാഭ്യാസ പ്രശ്നങ്ങൾ

### അക്കാദമികം

- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളും സമൂഹവും പൂർണ്ണമായും തിരിച്ചറിയുന്നില്ല.
- കായിക പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിൽ രക്ഷിതാക്കൾക്ക് താൽപ്പര്യമില്ല.
- പരിശീലനം നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ, ജമ്പിംഗ് മാറ്റ്, പോൾ സ്റ്റാൻഡ് തുടങ്ങിയവ ഇല്ല.
- സ്കൂളിൽ 200 മീറ്റർ ട്രാക്ക് ഇടാനുള്ള ഗ്രൗണ്ട് ഉണ്ടെങ്കിലും സെപ്തംബർ/ഒക്ടോബർ മാസം വരെ വെള്ളവും ചെളിയും നിറഞ്ഞിരിക്കും.
- നീന്തൽ പരിശീലനം നൽകുവാനുള്ള സൌകര്യമില്ല.
- കുട്ടികൾക്കാവശ്യമായ പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.
- എല്ലാ ഇനങ്ങളിലും പ്രാവീണ്യമുള്ള കായികാദ്ധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.

## ഭൗതികം

- ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട യോഗ, ജിംനേഷ്യം, നീന്തൽ എന്നിവ പരിശീലിപ്പിക്കുന്നതിന് ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, മാറ്റ്, മറ്റുപകരണങ്ങൾ എന്നിവയില്ല.
- കായിക പ്രവർത്തനത്തിന് മുൻപും ശേഷവും കുട്ടികൾക്ക് വസ്ത്രം മാറുവാനുള്ള ഡ്രസ്സിംഗ് റൂമുകൾ ഇല്ല.
- കായിക പഠനത്തിനാവശ്യമായ ഉപകരണങ്ങളില്ല.
- കുട്ടികൾക്കാവശ്യമായ പോഷകാഹാരം ലഭിക്കുന്നില്ല.
- ഹൈജമ്പ്, പോൾ വാൾട്ട് എന്നിവയ്ക്കുള്ള ജമ്പിംഗ് മാറ്റ് / പിറ്റ് ഇല്ല.
- സാമൂഹികം
- നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടേയും കായിക പ്രേമികളുടേയും സേവനം വിദ്യാലയത്തിനു ലഭിക്കുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടികൾ മറ്റു വിഷയങ്ങളിലെ പ്രാധാന്യം കായിക പഠനത്തിൽ കാണിക്കുന്നില്ല. | ആരോഗ്യ കായിക പഠനത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക | വൈവിദ്ധ്യമാർന്ന കായിക പരിശീലനം |
| കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ രക്ഷിതാക്കളുടെ എതിർപ്പ് | കായിക പഠനത്തിനുള്ള സൌകര്യമൊരുക്കൽ | കുട്ടികളുടെ കായിക ശിൽപ്പശാല |
| കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ പെൺകുട്ടികൾ വിമുഖത കാണിക്കുന്നു | എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം ഉറപ്പാക്കണം. | സമ്പൂർണ്ണ നീന്തൽ സുരക്ഷിതത്വം |

| | | |
|---|---|---|
| മുൻ അനുഭവം ഇല്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുവാനുള്ള പ്രയാസം | എൽ പി യു പി ക്ലാസ്സുകളിൽ കായിക പഠനത്തിന് അവസരമൊരുക്കണം | എൽ പി യു പി ക്ലാസ്സുകളിൽ കായിക അദ്ധ്യാപക സേവനം |
| ഉപകരണലഭ്യതക്കുറവു മൂലം എല്ലാ മേഖലയിലും പരിശീലനം നൽകാൻ കഴിയുന്നില്ല | | |
| കായിക പ്രവർത്തനത്തിന്റെ പ്രാധാന്യം രക്ഷിതാക്കൾ തിരിച്ചറിയുന്നില്ല. | രക്ഷാകർത്തൃ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക | രക്ഷാകർത്തൃ ബോധവൽക്കരണം |
| കുട്ടികൾ കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനോട് താൽപര്യമില്ല | | |
| താഴ്ന്ന ക്ലാസ്സുകളിൽ കായിക പഠനത്തിന് അദ്ധ്യാപകരില്ല. | കായികപഠനത്തിനുള്ള സൌകര്യമൊരുക്കണം | ഭൌതിക സൌകര്യമൊരുക്കണം |
| കായിക പഠനത്തിനാവശ്യമായ പീരീഡുകൾ ഇല്ല | പീരീഡുകൾ വർദ്ധിപ്പിക്കണം | കായിക പഠനത്തിന് സമയം വർദ്ധിപ്പിക്കുക |
| സുരക്ഷാ ക്രമീകരണങ്ങൾ ഇല്ല | സ്പോർട്സ് കൌൺസിൽ സേവനം ഉറപ്പാക്കണം | സ്പോർട്സ് കൌൺസിൽ സഹായം |

## പ്രതീക്ഷിത നേട്ടങ്ങൾ

പദ്ധതി നടപ്പിലാക്കിക്കഴിയുമ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകണമെന്നും നാം ലക്ഷ്യം വെയ്ക്കുന്ന മാറ്റങ്ങളും തദ്വാരാ കൈവരിയ്ക്കുന്ന നേട്ടങ്ങളും:

- ഓരോ ക്ലാസ്സിലും വിവിധ വിഷയങ്ങളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിയ്ക്കുവാൻ കുട്ടികൾക്ക് സാധിയ്ക്കുന്നു.
- അടിസ്ഥാനശേഷി ഉറപ്പാക്കുന്നതിനായി പ്രീ ടെസ്റ്റുകൾ നടത്തി വിശകലനം നടത്തുവാൻ കഴിയുന്നു. അവയുടെ പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ സാധിയ്ക്കുന്നു.
- ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പി ടി എയിൽ പഠനപുരോഗതി രക്ഷിതാവിനെ അറിയിയ്ക്കുവാൻ സാധിയ്ക്കുന്നു.
- കുട്ടികളുടെ കഴിവിനും അഭിരുചിയ്ക്കും അനുസരിച്ച് കലാ, കായിക, സാഹിത്യാഭിരുചികൾ പരിപോഷിപ്പിയ്ക്കുവാൻ സാധിയ്ക്കുന്നു.
- കുട്ടികൾക്ക് തുടർച്ചയായി പുസ്തകവിതരണം ഉറപ്പാക്കുവാൻ പിറന്നാൾ പുസ്തകം പദ്ധതി നടപ്പിലാക്കൽ, കുട്ടികളുടെ പത്രം പ്രസിദ്ധീകരിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിയ്ക്കുന്നു.
- വായനാക്കുറിപ്പ്, പുസ്തക ക്വിസ്, ദിനാചരണ വായനാക്കുറിപ്പ്, വായിച്ച പുസ്തകത്തെ മറ്റൊരു രൂപത്തിൽ അവതരിപ്പിയ്ക്കൽ എന്നിവ നിരന്തരം ഓരോ ക്ലാസ്സിലും നടത്തുവാൻ കഴിയുന്നു.
- ലാംഗ്വേജ് ലാബുകളിലൂടെ വിവിധ ഭാഷകൾ അനായാസം ആശയവിനിമയത്തിനുപയോഗിയ്ക്കാൻ കഴിയും വിധം കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കുവാൻ സാധിയ്ക്കുന്നു.
- അസംബ്ലി, ദിനാചരണങ്ങൾ എന്നിവയെ കലാപരമായ ശേഷി വികാസത്തിനുള്ള അവസരങ്ങളാക്കി മാറ്റുവാൻ കഴിയുന്നു. അസംബ്ലിയിൽ കലാപരിപാടികൾ അവതരിപ്പിയ്ക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിയ്ക്കുന്നു.
- ഏതെല്ലാം മേഖലകളിലാണ് കുട്ടികൾക്ക് കഴിവുകൾ എന്ന് കണ്ടെത്തി വിവിധ ക്ലബ്ബുകൾ, ടാലന്റ് ഗ്രൂപ്പുകൾ (എല്ലാ കുട്ടികളും ഏതെങ്കിലും ഒന്നിൽ അംഗമാകും വിധം) എന്നിവ രൂപീകരിയ്ക്കുവാൻ കഴിയുന്നു.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതു അംഗീകാരം ലഭിക്കുകയും ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുകയും ചെയ്യുന്നു.
- ഇവരുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ്സ് ടീച്ചറും തയ്യാറാക്കുന്നതിനാൽ അവരുടെ പഠനപുരോഗതി രക്ഷിതാക്കളുമായി പങ്കിടാൻ അവസരം കിട്ടുന്നു. ഇവർക്കായി സംഘടിപ്പിക്കുന്ന ക്ലാസ്സുകൾ, പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കാൻ കഴിയുന്നു.
- 'കരിയർ മാസ്റ്റർ' പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്ക് പഠനരീതികൾ, വായനാപരിശീലനം, ഉന്നതവിജയം നേടുന്നതിനുള്ള പ്രവർത്തന പദ്ധതി, പഠന വിഷയം തെരഞ്ഞെടുക്കൽ, തൊഴിൽ സാദ്ധ്യത, ഉപരിപഠനസാദ്ധ്യത തുടങ്ങിയ മേഖലകളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം, പരിശീലന പരിപാടികൾ എന്നിവ നടത്തുവാൻ കഴിയുന്നു.
- 'ആർദ്രം' (ക്ലാസ്സിലെ കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള ബഹുമുഖപരിപാടികൾ).
- ഈ പദ്ധതിയിലൂടെ നമ്മുടെ സ്കൂളിലെ പഠനപിന്നോക്കാവസ്ഥ, സ്കൂളിൽ വരാനുള്ള താൽപ്പര്യക്കുറവ്, ലഹരി ഉപയോഗം സംബന്ധിച്ച പ്രശ്നങ്ങൾ, ശാരീരികമായ പ്രശ്നങ്ങൾ, കൌമാരകാലത്തെ പ്രതിസന്ധികൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും കൌൺസലിംഗ്, ബോധവൽക്കരണക്ലാസ്സ്, ലഘുലേഖകൾ നൽകൽ, ഗൃഹസന്ദർശനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കും.
- മുകളിൽ സൂചിപ്പിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാകുമ്പോൾ പിന്നോക്കാവസ്ഥയിൽ നിന്ന് വിദ്യാർത്ഥികളെ മുന്നോക്കാവസ്ഥയിലേയ്ക്ക് കൊണ്ടുവരുവാനും പ്രതിഭകളെ കണ്ടെത്താനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുവാനും ഇന്നത്തെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാനും സാധിക്കും.

## ശാസ്ത്രപഠനം

### പ്രശ്നങ്ങൾ

| അക്കാദമികം | ഭൗതികം |
|---|---|
| എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല | ശാസ്ത്രപഠനത്തിന് സഹായകമായ ക്ലാസ്സ് മുറികളുടെ അഭാവം |
| കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കുന്നില്ല. | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൌകര്യങ്ങളില്ല. |
| പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയത്തിന്റെ കുറവ്. | |
| 'പ്രകൃതി ഒരു പാഠപുസ്തകം' എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല. | |

### പ്രശ്ന വിശകലനം

- കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്, പ്രവർത്തനങ്ങളുടെ ബാഹുല്യം.
- ശാസ്ത്രപഠനം ബുദ്ധിമുട്ടാണെന്ന മുൻവിധി.
- വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ, വ്യക്തിഗത ശ്രദ്ധയ്ക്കുള്ള സമയക്കുറവ്.
- രക്ഷിതാക്കൾക്ക് കുട്ടിയുടെ ശാസ്ത്രപഠനനിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദേശം നൽകാനോ കഴിയുന്നില്ല.

### പരിഹാര നിർദ്ദേശങ്ങൾ

- ശാസ്ത്രപോഷണ പരിപാടി നടപ്പിലാക്കുക.

## ലക്ഷ്യങ്ങൾ

- ശാസ്ത്രലാബിനെ സജ്ജീകരിക്കൽ, ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ, പ്രതിഭകൾക്ക് വിദഗ്ധാപരിശീലനവും ക്ലാസ്സുകളും നൽകൽ, ശാസ്ത്ര പഠനം രസകരമാക്കൽ, ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കൽ.

## പ്രവർത്തനങ്ങൾ

- വർഷത്തിൽ ഒരു പ്രാവശ്യം ശാസ്ത്രലാബുകൾ തരം തിരിച്ച് ക്രമീകരിച്ച് കാറ്റലോഗ് തയ്യാറാക്കി ഇരിപ്പിടങ്ങൾ സജ്ജമാക്കുക. ശാസ്ത്രത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
- ശാസ്ത്ര സാമൂഹ്യ കേന്ദ്രങ്ങൾ, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക.
- സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പു വരുത്തുക.

## പ്രധാന നേട്ടങ്ങൾ

2017-18 അദ്ധ്യയന വർഷത്തിൽ ഹൈടെക് ക്ലാസ് റൂം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കൂളിലെ ആറു ക്ലാസ് മുറികൾ പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ട്രസ്റ്റുകൾ, സ്പെഷ്യൽ ഫീ എന്നിവയുടെ സഹായത്തോടെ സജ്ജമാക്കി.

സ്കൂളിലെ വിദ്യാർത്ഥിയായ ആദിത്യ ചന്ദ്ര പ്രശാന്ത് ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിലെ 20 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുന്നതിനും ലൈബ്രറി / എന്നിവ നവീകരിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

2017-18 അദ്ധ്യായന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും 3 ഡിവിഷനുകൾ പുതുതായി ലഭിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി.

## പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന മറ്റുകാര്യങ്ങൾ

- കുട്ടികൾക്ക് മികച്ച മാനസിക വൈകാരിക - ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- മയക്കുമരുന്ന് ലഹരി എന്നിവയ്ക്കെതിരായ നിലപാട് കൈക്കൊള്ളു ന്നതിനായി പഠനപ്രവർത്തങ്ങളുടെ ഭാഗമായും അല്ലാതെയുള്ള പ്രവർത്തനപദ്ധതികൾ നടപ്പാക്കുക.
- ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം എന്ന പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പാക്കുക.
- കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കു ക.
- സ്കൂൾ വർഷാരംഭത്തിൽ സ്കൂളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സംബ ന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിഷയങ്ങളുടെ തുടർപ്രവർത്തന ങ്ങൾ നടപ്പാക്കുക.
- സമഗ്രപഠന പുരോഗതി രേഖതയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാവുന്നു എന്ന് രക്ഷകർത്താക്കളെയും പൊതു സമൂഹ ത്തെയും ബോധ്യപ്പെടുത്തുക.
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

## അദ്ധ്യാപകർ / അനദ്ധ്യാപകർ - യുപി / ഹൈസ്കൂൾ തലം

| വിഷയം | നിലവിലുളളത് | ആവശ്യമുളളത് |
|---|---|---|
| മലയാളം | 3 | |
| ഹിന്ദി | 2 | |
| സംസ്കൃതം | | |
| ഇംഗ്ലീഷ് | 2 | |
| ഗണിത ശാസ്ത്രം | 2 | |
| ഭൗതികശാസ്ത്രം | 1 | |
| രസതന്ത്രം | 1 | |
| ജീവശാസ്ത്രം | 1 | |
| സാമൂഹ്യശാസ്ത്രം | 2 | |
| ആർട്ട് / ചിത്രരചന | | |
| പ്രവൃത്തിപരിചയം | | |
| കായിക | | 1 |
| ഗുമസ്തൻ | 1 | |
| ശിപായി | 2 | |
| മീനിയൽ | 1 | |

## ഹൈസ്കൂൾ തലത്തിൽ കഴിഞ്ഞ 3 വർഷങ്ങളിലെ വിജയ ശതമാനം

| | |
|---|---|
| 2022-23 | 100 % |
| 2023-24 | 100 % |
| 2024-25 | 100 % |
| 2025-26 | |

## ഹയർ സെക്കണ്ടറി തലം

### മലയാളം

കുട്ടികളിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് കണ്ടുവരുന്ന പഠനപ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥികളിൽ പൊതുവേ വായനാ ശേഷിക്കുറവ് കണ്ടുവരുന്നു.
2. വായിക്കുമ്പോൾ ഉച്ചാരണവൈകല്യം ഉണ്ടാകുന്നു.
3. വായിക്കാൻ ആവശ്യപ്പെട്ടാൽ പൊതുവേ വായിക്കാൻ താൽപര്യമില്ലായ്മ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
4. എഴുതുമ്പോൾ അക്ഷരത്തെറ്റുകൾ ധാരാളമായി സംഭവിക്കുന്നു.
5. സാഹിത്യസംബന്ധമായ വിഷയത്തെക്കുറിച്ച് പൊതുവേ അജ്ഞതയുണ്ട്.
6. വിശ്വസാഹിത്യകൃതികൾ പരിചയപ്പെടാനുള്ള അവസരങ്ങൾ കുറവാണ്.
7. മികച്ച മലയാള സാഹിത്യ കൃതികളെക്കുറിച്ചുള്ള അറിവുപോലും പരിമിതമാണ്.
8. ഭാഷയോട് ഉദാസീനമനോഭാവം പുലർത്തുന്നു.
9. സദസ്സിനെ അഭിമുഖീകരിച്ച് നല്ലഭാഷയിൽ സംസാരിക്കാനുള്ള വൈദഗ്ദ്ധ്യക്കുറവ്.

#### പരിഹാര നിർദ്ദേശങ്ങൾ

1. വായനയോട് താൽപര്യമുണ്ടാക്കുന്നതിനായി വായനാ മത്സരങ്ങൾ, മികച്ച സാഹിത്യ കൃതികളുടെ പൊതുവായന, അവയെക്കുറിച്ചുള്ള ചർച്ചകൾ, കുറിപ്പു തയ്യാറാക്കലുകൾ എന്നിവയ്ക്കു വേണ്ടി ഒരു പീരീഡ് എങ്കിലും മാറ്റി വെയ്ക്കണം.
2. ഉച്ചാരണ വൈകല്യം പരിഹരിക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കണം. ലാങ്ഗ്വേജ് ലാബുകൾ സ്ഥാപിക്കണം. ഭാഷയോടുള്ള ഉദാസീനതയും അമിതമായ ഉൽക്കണ്ഠയും ഒഴിവാക്കേണ്ടതുണ്ട്.
3. ഓരോ ഭാഷാപീരീഡിന്റേയും അവസാന പത്തു മിനിറ്റ് കുട്ടികളുടെ ഉറക്കെയുള്ള വായനയ്ക്കു വേണ്ടി നീക്കി വെയ്ക്കണം.
4. കമ്പ്യൂട്ടറിന്റെ സഹായത്തോടെ തെറ്റു തിരുത്തുന്ന രീതി അവലംബിക്കാം. മാസത്തിലൊരിക്കലെങ്കിലും ഒരു ലേഖനമെഴുതിവാങ്ങി ഉടൻ തന്നെ തെറ്റു തിരുത്തിക്കൊടുക്കുന്ന രീതിയും ഒരു പരിധി വരെ സഹായകമാകും. നോട്ടുബുക്കുകളിലെ തെറ്റുകൾ അതാത് സന്ദർഭങ്ങളിൽ കണ്ടെത്തി തിരുത്തി നൽകാവുന്നതാണ്.

5. മികച്ച ലൈബ്രറി സംവിധാനം ഹയർ സെക്കണ്ടറി തലത്തിൽ നടപ്പിലാക്കുക. പുസ്തകങ്ങൾ കുട്ടികളിലേയ്ക്ക് എത്തുന്നുണ്ടെന്നും അവർ അത് വായിക്കുന്നുണ്ടെന്നും ഉറപ്പു വരുത്താനായി വായിക്കുന്ന കൃതികളുടെ കുറിപ്പുകൾ എഴുതി സൂക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുക.
6. മികച്ച വിശ്വസാഹിത്യകൃതികളുടെ കഥാസംഗ്രഹങ്ങൾ അദ്ധ്യാപകൻ ക്ലാസ്സിൽ പറഞ്ഞു അവന്റെ വായിക്കാൻ പ്രചോദിപ്പിക്കുക.
7. രണ്ടാഴ്ചയിലൊരിക്കൽ ഒരു മലയാള സാഹിത്യകൃതിയെങ്കിലും വായിക്കാൻ പ്രോത്സാഹിപ്പിക്കുക. മലയാളത്തിലിറങ്ങുന്ന മികച്ച സാഹിത്യ ആനുകാലികങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കാനുള്ള സൌകര്യങ്ങൾ സ്കൂളിൽ ഒരുക്കുക.
8. ഓരോ ദിവസവും മലയാള പീരീഡ് തുടങ്ങി ആദ്യത്തെ മൂന്നു മിനിറ്റിൽ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ക്ലാസ്സിനെ അഭിമുഖീകരിച്ച് സംസാരിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുക.

ഹിന്ദി

| കുട്ടികളുടെ പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| ഹയർ സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികളിൽ വായനാശേഷിക്കുറവ് കണ്ടുവരുന്നു. വായിക്കുമ്പോൾ ഉച്ചാരണ ശുദ്ധിക്കുറവ് കാണുന്നു | ചെറിയ ക്ലാസ്സുകൾ മുതലുള്ള കുട്ടികളുടെ താൽപര്യമില്ലായ്മ, അവസരങ്ങളുടെ കുറവ്, ഉറച്ചുവായിക്കാനുള്ള മടി ഇതെല്ലാം വിദ്യാർത്ഥികളുടെ വായനാശേഷിയെ കുറയ്ക്കുന്നു. | ഓരോ ഹിന്ദി പീരിഡിന്റേയും അവസാന പത്തു മിനിറ്റ് കുട്ടികളുടെ ഉറക്കെയുള്ള വായനയ്ക്കു വേണ്ടി നീക്കി വെയ്ക്കണം. ഉച്ചാരണ വൈകല്യം പരിഹരിക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കണം. ക്ലാസ്സ് മുറികൾ സ്മാർട്ട് റൂമുകളാക്കി മാറ്റുക. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുക. |
| ഹിന്ദി ഭാഷ എഴുതുമ്പോൾ ധാരാളമായി തെറ്റുണ്ടാകുന്നു. വ്യാകരണ സംബന്ധമായ അനേകം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. | ഹിന്ദി മാതൃഭാഷ അല്ലാത്തതിനാൽ അതിലെ പ്രയോഗങ്ങളിലും വ്യാകരണത്തിനുമുള്ള അറിവില്ലായ്മ. മാതൃഭാഷയുടെ അമിത സ്വാധീനം ഹിന്ദിയിൽ തെറ്റുകൾ കൂടുന്നതിന് കാരണമാകുന്നു. | ഹിന്ദി വ്യാകരണം പഠിപ്പിക്കുവാനായി വ്യാകരണവും കൂടി സിലബസ്സിൽ ഉൾപ്പെടുത്തുക. രണ്ടാഴ്ചയിലൊരിക്കൽ ഒരു പീരിഡ് വ്യാകരണം പഠിപ്പിക്കാനായി മാറ്റി വെയ്ക്കുക. എഴുതുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തുവാനായി കമ്പ്യൂട്ടറിന്റെ സഹായത്തോടെ എഴുതുന്ന രീതി അവലംബിക്കുക. ഇതുമൂലം |

| | | |
|---|---|---|
| | | തെറ്റായാൽ ഉടനെ തിരുത്തുവാനുള്ള അവസരം ലഭിക്കും. ആഴ്ചയിലൊരിക്കൽ ഒരു പീരീഡിൽ ഒരു വിഷയത്തെക്കുറിച്ച് ലേഖനമെഴുതി വാങ്ങി അപ്പോൾത്തന്നെ തിരുത്തി നൽകുകയും ചെയ്യുക. |
| സാഹിത്യ സംബന്ധമായ വിഷയത്തെക്കുറിച്ചുള്ള അറിവുകൾ പൊതുവിൽ കുറവാണ്. മികച്ച ഹിന്ദി സാഹിത്യകൃതികളെക്കുറിച്ചുള്ള അജ്ഞത. | സ്കൂൾ ലൈബ്രറിയിൽ ഹിന്ദി സാഹിത്യകൃതികളുടെ കുറവ്. ലൈബ്രറി ബുക്കുകൾ വായിക്കാൻ കിട്ടുന്ന അവസരങ്ങളുടെ കുറവ്. | ആഴ്ചയിൽ ഒരു പീരീഡ് ലൈബ്രറി പീരീഡായി നൽകുക. ലൈബ്രറിയിൽ ഹിന്ദി ഭാഷയിലെ മികച്ച സാഹിത്യകൃതികൾ ഉൾപ്പെടുത്തുക. മികച്ച ലൈബ്രറി സംവിധാനം നടപ്പിലാക്കുക. കുട്ടികൾ സാഹിത്യപുസ്തകങ്ങൾ വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും അതിനായി വായിച്ച പുസ്തകത്തിന്റെ കുറിപ്പ് തയ്യാറാക്കൽ ആവശ്യപ്പെടുകയും അത് അദ്ധ്യാപകൻ പരിശോധിക്കുകയും ചെയ്യുക. ലാങ്ഗ്വേജ് ലാബുകൾ ആധുനിക സൌകര്യങ്ങളോടെ ആരംഭിക്കണം. കുട്ടികളെ സാഹിത്യസൃഷ്ടികൾ നടത്താൻ പ്രോത്സാഹിപ്പിക്കുകയും |

| | | |
|---|---|---|
| | | അവർ രചിച്ച സാഹിത്യകൃതികൾ അസംബ്ലിയിൽ വായിപ്പിക്കുകയും ചെയ്യുക. ക്ലാസ് മുറിയിൽ മികച്ച സാഹിത്യകൃതികൾ അവതരിപ്പിക്കുക. |
| കുട്ടികളിൽ ഭാഷാപഠനത്തോട് താൽപര്യമില്ലായ്മയും അലസതയും കാണുന്നു. | മറ്റു വിഷയങ്ങൾക്ക് കുട്ടികളും രക്ഷിതാക്കളും നൽകുന്ന അമിതമായ പ്രാധാന്യം. | ഭാഷയോട് താൽപര്യം ഉണ്ടാക്കുന്നതിനുള്ള ക്ലാസ്സുകൾ നൽകുക. വായനാമത്സരങ്ങൾ, ഉപന്യാസ രചനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ ഇവ കൂട്ടതലായി നടത്തുക. വിവിധ ഭാഷാ പണ്ഡിതന്മാരുമായി സംവദിക്കുവാനുള്ള അവസരം കുട്ടികൾക്ക് നൽകുക. |

## ഇംഗ്ലീഷ്

| Problem | Reason | Solution |
|---|---|---|
| Lack of serious approach to learning language | More importance given to optional subjects by students as well as their parents. | Workshops or Seminars must be organise which are intended to create awareness in students, to realize the importance of acquiring the skill to use the language properly. |
| Doesn't know how to read properly | Never reads English books, even if the student gets an opportunity to borrow English books or magazines, they never show any interest. | Setting up a class library by students themselves. At the end of the year, the students can either contribute the books to school library or can take it back. |
| Diffidence to use the language. | Do not get enough exposure. | They should get more exposure to language. They should also be given opportunity for interaction with native speakers. |
| Uses ungrammatical language, commits errors in spelling, pronounciation etc. | Do not know the basic structures, do not get enough practice in lower classes. | Never practice from lower classes. Grammer to be given due importance in the theory exams in lower classes. |
| Lacking listening and speaking abilities | Exam oriented preparation - stress given to writing answers of typical questions and scoring marks. | Language labs in schools. Discussion on current issues in class. |

## സംസ്കൃതം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| ഭാഷാശുദ്ധി പൂർണ്ണമായും കുട്ടികൾക്ക് ലഭിക്കുന്നില്ല. | സ്കൂൾ തലത്തിൽ എല്ലാ കുട്ടികൾക്കും സംസ്കൃത ഭാഷ പഠിക്കാൻ അവസരം കിട്ടുന്നില്ല എന്ന കാരണത്താൽ രണ്ടാം ഭാഷയായി സംസ്കൃത ഭാഷ പഠിക്കാൻ തുടങ്ങുന്നത് ഹയർ സെക്കണ്ടറി തലത്തിൽ നിന്നു മാത്രം | രാഷ്ട്രഭാഷയായ ഹിന്ദിയും വിദേശഭാഷയായ ഇംഗ്ലീഷും നിർബന്ധവിഷയമെന്നതു പോലെ ഭാരതീയ സാംസ്കാരിക ഭാഷയായ സംസ്കൃതഭാഷ, പ്രൈമറി തലം മുതൽ എല്ലാ കുട്ടികൾക്കും പഠിക്കാനുള്ള അവസരം കിട്ടണം. |
| ഹൈസ്കൂൾ തലത്തിൽ പഠിച്ചുവരുന്ന എല്ലാ കുട്ടികൾക്കും സംസ്കൃതം തുടർന്ന് പഠിക്കാനുള്ള അവസരം കിട്ടുന്നില്ല. | എല്ലാ സ്കൂളിലും സംസ്കൃതം എന്ന വിഷയമില്ല. | ഹൈസ്കൂൾ തലത്തിൽ സംസ്കൃതം പഠിച്ച കുട്ടികൾക്ക് തുടർന്നു പഠിക്കണമെങ്കിൽ എല്ലാ സ്കൂളിലും സംസ്കൃതഭാഷ നിർബന്ധ വിഷയമാക്കണം. |
| ഭാഷാനൈപുണ്യം വളർത്തിയെടുക്കാനുള്ള സാങ്കേതിക തടസ്സം | സംസ്കൃത പുസ്തകങ്ങളോ ലൈബ്രറിയോ ഇല്ല | സംസ്കൃത പുസ്തകങ്ങൾ ലഭിക്കണം. അവ പരിചയപ്പെടാനായി സമയം (ഒരു പീരിഡെങ്കിലും) ലഭിക്കണം. |
| രണ്ടാം ഭാഷയായ സംസ്കൃതം ഹയർ സെക്കണ്ടറി തലം ജയിച്ചു പോകാനുള്ള ഒരു വിഷയമാണ് എന്നുള്ള തോന്നൽ | പ്രൈമറി തലം മുതൽ ഈ ഭാഷയെക്കുറിച്ച് മനസ്സിലാക്കാനുള്ള അവസ്ഥ നിഷേധിച്ചിരിക്കുന്നു എന്നതാണ് കാരണം | പൈതൃക ഭാഷയായ സംസ്കൃത ഭാഷാ പഠനം കൊണ്ടുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ബോധവൽക്കരണം കുട്ടികൾക്കെന്നപോലെ തന്നെ അവരുടെ മാതാപിതാക്കന്മാർക്കും നൽകണം. |

| | | |
|---|---|---|
| കമ്പ്യൂട്ടർ ഭാഷയായ സംസ്കൃത ഭാഷ സാങ്കേതിക രീതിയിൽ പഠിപ്പിക്കാൻ അവസരമില്ല | മറ്റ് വിഷയങ്ങളെപ്പോലെ സാങ്കേതികരീതിയിൽ പഠിപ്പിക്കുന്നില്ല | സാങ്കേതിക രീതിയിൽ പഠിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ഈ ഭാഷയുടെ മാഹാത്മ്യം കുട്ടികളിൽ എത്തിക്കുവാൻ കഴിയും. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പഠന രീതിയിലുള്ള മാറ്റവും അനിവാര്യ ഘടകമാണ്. |

## രസതന്ത്രം

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| വിശാലമായ സിലബസ്സും പ്രാക്റ്റിക്കലും ചെയ്തു തീർക്കുവാനുള്ള സമയക്കുറവ്. | കൂടുതൽ പാഠ്യഭാഗം | പാഠ്യഭാഗത്തിന്റെ വ്യാപ്തി കുറയ്ക്കാൻ ശ്രദ്ധിയ്ക്കുക |
| സ്ഥലപരിമിതി. കുട്ടികളുടെ എണ്ണക്കൂടുതലും സ്ഥലപരിമിതിയും കാരണം അറുപത് കുട്ടികളെ ഒരേസമയം ലാബ് ചെയ്യിപ്പിക്കുവാൻ കഴിയുന്നില്ല. | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കൂടുതൽ | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കൽ, വിസ്തൃതിയുള്ള ലാബ് സമുച്ചയം നിർമ്മിയ്ക്കൽ |
| അറുപത് കുട്ടികൾക്ക് പ്രത്യേകം ശ്രദ്ധ നൽകാൻ കഴിയാത്തതിനാൽ പഠന നിലവാരം കുറയുന്നു | വിദ്യാർത്ഥികളുടെ എണ്ണം കൂടുതൽ | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക. |
| എൻട്രൻസ് അധിഷ്ഠിത സിലബസ് ആയതിനാൽ എല്ലാ കുട്ടികൾക്കും മനസ്സിലാക്കുവാൻ കഴിയുന്നില്ല. മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾ കാലക്രമേണ ക്ലാസ്സിൽ വളരെ ശല്യക്കാരായി മാറുന്നു. | വിഷയത്തിന്റെ ബാഹുല്യം | പ്രായത്തിനനുസരിച്ച് കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന സിലബസ്സ് നടപ്പിലാക്കുക. |
| ലാബുകളിൽ പതിറ്റാണ്ടുകൾക്ക് മുൻപുള്ള അതേ പ്രാക്ടിക്കലുകൾ തന്നെ പിന്തുടരുന്നത് കുട്ടികൾക്ക് ഒരു പ്രയോജനവും നൽകുന്നില്ല. ആധുനിക ജീവിതത്തിന് ഉതകുന്ന തരത്തിലുള്ള | സിലബസ്സിൽ കാലാനുസരണമായി മാറ്റം വരുത്താത്തത് | സിലബസ്സിൽ മാറ്റം വരുത്തുകയും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാബ് സംവിധാനം കൊണ്ടുവരികയും ചെയ്യുക. |

| | | |
|---|---|---|
| രസതന്ത്ര ശാഖകളും പുതിയ. ഉപകരണങ്ങളും ഉൾപ്പെടുത്തുന്നതിനാൽ പഠനം വിരസമാകുന്നു. | | |
| സിലബസ്സിൽ പത്തു ശതമാനത്തോളം ഭാഗങ്ങൾ മാത്രമേ പ്രായോഗികമായുള്ളൂ എന്നത് കുട്ടികളിലെ താൽപര്യം വളരെ കുറയുന്നതിന് കാരണമാകുന്നു. | സിലബസ്സിൽ പ്രായോഗിക പരിശീലനം ഉൾപ്പെടുത്തി കാലാനുസരണമായി മാറ്റം വരുത്താത്തത് | സിലബസ്സിൽ മാറ്റം വരുത്തുക |
| വളരെക്കാലമായി ഒരേ സിലബസ് പിന്തുടരുന്നതിനാൽ അദ്ധ്യാപകർക്ക് പുതുമയുള്ള അറിവുകൾ നേടുന്നതിനുള്ള താൽപര്യക്കുറവ് | സിലബസ്സിൽ മാറ്റം വരുത്താത്തത് | സിലബസ്സിൽ പുതുതായിട്ടുള്ള അറിവുകളും കണ്ടുപിടുത്തങ്ങളും ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക. |
| ലാബ് അസിസ്റ്റന്റ് തസ്തികയിൽ ഉള്ള ഒഴിവ് നികത്താത്തതു മൂലമുള്ള ബുദ്ധിമുട്ട് | ഒഴിവുകൾക്കനുസരിച്ചുള്ള നിയമനം നടന്നിട്ടില്ല | ലാബ് അസിസ്റ്റന്റുകളുടെ ഒഴിവിനനുസരിച്ചുള്ള നിയമനം നടത്തുക. |
| കുട്ടികളുടെ ശ്രദ്ധാക്കുറവ്. കുട്ടികളുടെ പഠനത്തിലുള്ള താൽപര്യക്കുറവ് ഓരോ വർഷവും ഏറി വരികയാണ്. | പ്രഭാതഭക്ഷണത്തിന്റെ അപര്യാപ്തത കുട്ടികളിൽ ക്ഷീണവും ശ്രദ്ധാക്കുറവും വരുത്തും. | പ്രഭാത ഭക്ഷണം കഴിക്കുവാൻ ബോധവൽക്കരണം |
| കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലാബ് ഉപകരണങ്ങളിലുള്ള കുറവ് | ഗ്ലാസ് ഉപകരണങ്ങൾ പെട്ടെന്ന് പൊട്ടുന്നതു കൊണ്ട് | ഗുണമേന്മയുള്ള ഉപകരണങ്ങൾ ലഭ്യമാക്കൽ |
| അദ്ധ്യാപനേതര ജോലികളിൽ | ഓഫീസ് ജീവനക്കാരുടെ അപര്യാപ്തത | തസ്തിക നിർണ്ണയം |

| | | |
|---|---|---|
| ഏർപ്പെടുന്നതു മൂലമുണ്ടാകുന്ന സമയക്കുറവ് | | |
| കുട്ടികളുടെ എണ്ണത്തിലുള്ള ബാഹുല്യവും കുട്ടികളുടെ അച്ചടക്കമില്ലായ്മയും | കൗമാരപ്രായക്കാരുടെ മാനസികപ്രശ്നങ്ങൾ | ചെറിയ രീതിയിലുള്ള ശിക്ഷണ നടപടികൾ നടപ്പാക്കാനുള്ള അനുമതി |

## സസ്യശാസ്ത്രം

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| ലാബിന്റെ സൌകര്യക്കുറവ് | പഴയ കെട്ടിടത്തിലെ പരിമിതമായ സൌകര്യം | പുതിയ കെട്ടിടത്തിലേക്ക് ലാബ് സംവിധാനം മാറ്റുക |
| ഏകാഗ്രതക്കുറവ് | കൌമാര കാലഘട്ടത്തിലെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ | ആരോഗ്യവിദ്യാഭ്യാസവും മാനസിക ശാരീരിക വിദ്യാഭ്യാസവും നൽകി ബോധവൽക്കരിക്കുക |
| കുട്ടികളുടെ എണ്ണം | സൂക്ഷ്മ വിദ്യാഭ്യാസത്തിന് അനുയോജ്യ സംവിധാനമില്ല | ചെറിയ കൂട്ടമായി തിരിച്ച് ലാബിൽ കയറ്റുവാനുള്ള സംവിധാനം |
| ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിലുള്ള മികവു കുറവ് | ചെറിയ ക്ലാസ് മുതലും ഹൈസ്കൂൾ തലത്തിലും മൈക്രോസ്കോപ്പും മറ്റും ഉപയോഗിച്ചുള്ള പരിചയമില്ലാത്തത് | മൈക്രോസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ കുട്ടികൾക്ക് പ്രായോഗികമായി ഉപയോഗിക്കാനുള്ള പ്രത്യേക പരിശീലനം നൽകുക. |
| ലാബ് ഉപകരണങ്ങളുടെ ലഭ്യതക്കുറവ് | പുതിയ ഉപകരണങ്ങൾ ലഭിച്ചിട്ടില്ലാത്തത് | പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുക. |
| ലാബ് അസിസ്റ്റന്റ് തസ്തികയിൽ ഉള്ള ഒഴിവ് നികത്താത്തതു മൂലമുള്ള ബുദ്ധിമുട്ട് | ഒഴിവുകൾക്കനുസരിച്ചുള്ള നിയമനം നടന്നിട്ടില്ല | ലാബ് അസിസ്റ്റന്റുകളുടെ ഒഴിവിനനുസരിച്ചുള്ള നിയമനം നടത്തുക. |
| മൈക്രോസ്കോപ്പും മറ്റും കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള സ്ഥിരം സംവിധാനമില്ലാത്തത്. | പഴയ ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കുമ്പോഴുള്ള പരിമിതികൾ | മൈക്രോസ്കോപ്പും പുതിയ ഉപകരണങ്ങളും രാസവസ്തുക്കളും എല്ലാ അദ്ധ്യയന വർഷത്തിലും വാങ്ങാനുള്ള സ്ഥിരം സംവിധാനം |

| | | |
|---|---|---|
| പ്ലാന്റ് സ്പെസിമെൻസിന്റെ ലഭ്യതക്കുറവ് | സ്കൂൾ പൂന്തോട്ടത്തിൽ ആവശ്യമായ സസ്യങ്ങളുടെ കുറവ് | ബൊട്ടാണിക്കൽ ഗാർഡൻ സ്കൂളിൽ നിർമ്മിയ്ക്കുക |
| കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യാധിഷ്ഠിത വിദ്യാഭ്യാസം വഴി വിഷയം പഠിയ്ക്കുവാൻ ആവശ്യമായ ഉപകരണങ്ങളില്ല | ആനുപാതികമായി ഉപകരണങ്ങളുടെ ലഭ്യതയില്ലായ്മ | എത്രയും പെട്ടെന്ന് കുട്ടികൾക്ക് കാര്യങ്ങൾ ഗ്രഹിയ്ക്കാൻ പറ്റുന്ന രീതിയിലുള്ള വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ ഉപകരണങ്ങൾ ലഭ്യമാക്കൽ |
| കുട്ടികളിലെ പോഷകാഹാരക്കുറവും പ്രഭാത ഭക്ഷണത്തിന്റെ അഭാവവും | പ്രഭാത ഭക്ഷണം ഒഴിവാക്കിയെത്തുന്ന കുട്ടികൾ | സമീകൃതാഹാരത്തെ സംബന്ധിച്ച ലഘുലേഖകൾ, ക്ലാസ്സുകൾ, ചർച്ചകൾ എന്നിവ നടത്തുകയും ബോധവൽക്കരണം അമ്മമാർക്കും കുട്ടികൾക്കും നൽകുക. |

HIGH SCHOOL ... HARIPAD

## ജന്തുശാസ്ത്രം

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| ലാബിന്റെ സൌകര്യക്കുറവ് | പഴയ കെട്ടിടത്തിലെ പരിമിതമായ സൌകര്യം | പുതിയ കെട്ടിടത്തിലേക്ക് ലാബ് സംവിധാനം മാറ്റുക |
| ഏകാഗ്രതക്കുറവ് | കൌമാര കാലഘട്ടത്തിലെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ | ആരോഗ്യവിദ്യാഭ്യാസവും മാനസിക ശാരീരിക വിദ്യാഭ്യാസവും നൽകി ബോധവൽക്കരിക്കുക |
| കുട്ടികളുടെ എണ്ണം | സൂക്ഷ്മ വിദ്യാഭ്യാസത്തിന് അനുയോജ്യ സംവിധാനമില്ല | ചെറിയ ക്കൂട്ടമായി തിരിച്ച് ലാബിൽ കയറ്റുവാനുള്ള സംവിധാനം |
| ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിലുള്ള മികവു കുറവ് | ചെറിയ ക്ലാസ് മുതലും ഹൈസ്കൂൾ തലത്തിലും മൈക്രോസ്കോപ്പും മറ്റും ഉപയോഗിച്ചുള്ള പരിചയമില്ലാത്തത് | മൈക്രോസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ കുട്ടികൾക്ക് പ്രായോഗികമായി ഉപയോഗിക്കാനുള്ള പ്രത്യേക പരിശീലനം നൽകുക. |
| ലാബ് ഉപകരണങ്ങളുടെ ലഭ്യതക്കുറവ് | പുതിയ ഉപകരണങ്ങൾ ലഭിച്ചിട്ടില്ലാത്തത് | പുതിയ ഉപകരണങ്ങൾ ലഭ്യമാക്കുക. |
| ലാബ് അസിസ്റ്റന്റ് തസ്തികയിൽ ഉള്ള ഒഴിവ് നികത്താത്തതു മൂലമുള്ള ബുദ്ധിമുട്ട് | ഒഴിവുകൾക്കനുസരിച്ചുള്ള നിയമനം നടന്നിട്ടില്ല | ലാബ് അസിസ്റ്റന്റുകളുടെ ഒഴിവിനനുസരിച്ചുള്ള നിയമനം നടത്തുക. |
| മൈക്രോസ്കോപ്പും മറ്റും കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള സ്ഥിരം സംവിധാനമില്ലാത്തത്. | പഴയ ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കുമ്പോഴുള്ള പരിമിതികൾ | മൈക്രോസ്കോപ്പും പുതിയ ഉപകരണങ്ങളും രാസവസ്തുക്കളും എല്ലാ അദ്ധ്യയന വർഷത്തിലും വാങ്ങാനുള്ള സ്ഥിരം സംവിധാനം |
| ബ്ലഡ് ടെസ്റ്റ് പോലെയുള്ള പരിക്ഷണങ്ങൾ ചെയ്യാൻ | പഴയ കെട്ടിടത്തിലെ പരിമിതമായ സൌകര്യം | പുതിയ കെട്ടിടത്തിലേക്ക് ലാബ് സംവിധാനം മാറ്റുക |

| | | |
|---|---|---|
| വൃത്തിയുള്ള ലാബിന്റെ അഭാവം | | |
| കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യാധിഷ്ഠിത വിദ്യാഭ്യാസം വഴി വിഷയം പഠിക്കുവാൻ ആവശ്യമായ ഉപകരണങ്ങളില്ല | ആനുപാതികമായി ഉപകരണങ്ങളുടെ ലഭ്യതയില്ലായ്മ | എത്രയും പെട്ടെന്ന് കുട്ടികൾക്ക് കാര്യങ്ങൾ ഗ്രഹിക്കുവാൻ പറ്റുന്ന രീതിയിലുള്ള വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായ **ഉപകരണങ്ങൾ ലഭ്യമാക്കൽ** |
| കുട്ടികളിലെ പോഷകാഹാരക്കുറവും പ്രഭാത ഭക്ഷണത്തിന്റെ അഭാവവും | പ്രഭാത ഭക്ഷണം ഒഴിവാക്കിയെത്തുന്ന കുട്ടികൾ | സമീകൃതാഹാരത്തെ സംബന്ധിച്ച ലഘുലേഖകൾ, ക്ലാസ്സുകൾ, ചർച്ചകൾ എന്നിവ നടത്തുകയും **ബോധവൽക്കരണം അമ്മമാർക്കും കുട്ടികൾക്കും നൽകുക.** |

## ഗണിതശാസ്ത്രം

Problems

Lack of interest in learning mathematics.

Reasons

1. Lack of basic concepts
2. Student-Teacher Proportion
3. Heavy syllabus not considering the intellectual capacity of students
4. Lack of environment in teaching the mathematics relating to daily life situations

Solutions

As a teacher we are not able to do anything with the heavy portions and teacher-student propotion.

But to create interest, we have to introduce mathematics lab. Example, use Octants to introduce 3 Diamensions, Laptop, Projectors, Network Connectivity, Octant Models, Graph Boards, Conic Sections, Phere to teach integration, Urn and different coloured balls, models to introduce sets, apparatus to teach trigonometry, die, cards etc.

## Geography

| Problem | Reasons | Suggestion |
|---|---|---|
| Students lack previous knowledge of the subject | Subject is handled by teachers who are not expert in this subject in lower classes, so the students get only vague ideas and subject matter will be less absorbed by the students | Subject should be taught by experts in the subject from the lower classes which gives a systematic idea of the subject. The contents can be effectively transferred to students only by an expert. |

| | | |
|---|---|---|
| Difficulty in absorbing the subject matter | The subject is taught by drawings and lectures or by real experience of students or teachers. | Subject need to be taught with the help of more pictures and 3D images, animated videos and more realistic experiences. |
| Traditional methods of teaching | Unavailability of modern techniques in schools | More ICT facilities to be provided to the schools and teachers |
| Lack of enthusiasm in students to study the subject. | Students choosing this subject (group) on their own interest is less. Most of them come to study only because they didn't have any other options and most of them are backward in studies. They do not have any aim in life. | Students are to be given councelling regarding the prospects of studying the subjects and encourage them to take interest in learning it. More programmes should be organized to give awareness about the job opportunities related to the subject. |
| Lack of proper guidance | No awareness among parents or teachers regarding future prospects of learning a subject or group. All follow only the conventional way of learning. | Student should get proper guidance regarding the subject and group they have to choose after 10th to attain their goal or aim. More efforts should be given to recognise the talent and interest of the student and direct them to the right path. Thus making their studies interesting and worthy for him. |

## കമ്പ്യൂട്ടർ സയൻസ്

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| പ്രോഗ്രാമുകളെക്കുറിച്ചുള്ള അടിസ്ഥാന ധാരണ മനസ്സിലാക്കുവാനുള്ള ബുദ്ധിമുട്ട് | ഹൈസ്കൂൾ തലത്തിൽ നിന്നും പ്രാഥമിക ധാരണയില്ലാതെയാണ് +1 ൽ പ്രവേശനം നേടുന്നത് | സ്കൂൾ പാഠ്യപദ്ധതിയിൽ കമ്പ്യൂട്ടർ പഠനം വിപുലമാക്കുക |
| തിയറി ക്ലാസ്സുകളിൽ പ്രോഗ്രാമിംഗ് പഠനത്തിന് അടിസ്ഥാനധാരണക്കുറവ് | പ്രോഗ്രാമുകൾ ബോർഡിൽ എഴുതി വിശദീകരിക്കുമ്പോൾ പദഘടന / യുക്ത്യനുസൃതമായ പിഴവുകളുടെ പ്രാധാന്യം മനസ്സിലാകുന്നില്ല | സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുകയും ലാബ് സമയം കൂടുതൽ നൽകുകയും ചെയ്യുക |
| ഓരോ വിദ്യാർത്ഥിയ്ക്കും ശ്രദ്ധ നൽകുവാൻ കഴിയുന്നില്ല. | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കൂടുതൽ | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക |
| 60 കുട്ടികളെ ഒരുമിച്ച് ലാബിൽ ഇരുത്തുവാനുള്ള സ്ഥലപരിമിതി | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കൂടുതൽ | അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക |
| കമ്പ്യൂട്ടർ ഹാർഡ് വെയർ പരമായ അറിവ് കുറവ് | കമ്പ്യൂട്ടറിനുണ്ടാകുന്ന ചെറിയ തകരാറുകൾ പോലും പരിഹരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. | ഹാർഡ് വെയർ ലാബുകൾ സ്കൂളിൽ സജ്ജീകരിയ്ക്കുക |

സ്കൂളിൽ ഡിജിറ്റൽ ലൈബ്രറി സ്ഥാപിയ്ക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വീട്ടിൽ ഇന്റർനെറ്റ് സൌകര്യം ലഭ്യമല്ല. സ്കൂളിൽ അവർക്കായി അധിക സൌകര്യങ്ങൾ നൽകുക

+1 തലം മുതൽ കമ്പ്യൂട്ടർ ലാബ് സൌകര്യം കുട്ടികൾക്ക് ലഭ്യമാക്കുക. സിലബസ്സിന്റെ കാഠിന്യം കുറയ്ക്കുക. +1/+2 കമ്പ്യൂട്ടർ സയൻസ് / ആപ്ലിക്കേഷനിലെ സിലബസ്സിനെ കുറിച്ചുള്ള അവബോധം സ്കൂൾ തലത്തിൽ തന്നെ അവർക്ക് മനസ്സിലാക്കുന്നതിനുള്ള സൌകര്യമുണ്ടാക്കണം. (പല കുട്ടികളും സിലബസ്സിനെപ്പറ്റി വ്യക്തമായ ധാരണയില്ലാതെയാണ് അഡ്മിഷൻ എടുക്കുന്നത്)

## സാമ്പത്തിക ശാസ്ത്രം

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| രണ്ടാം വർഷ സാമ്പത്തിക ശാസ്ത്രം സൈദ്ധാന്തിക തലവും സാങ്കേതിക പദങ്ങളും ഭൂരിഭാഗം കുട്ടികൾക്ക് അപരിചിതം. കുട്ടികൾക്ക് വിഷയത്തോട് താൽപര്യമില്ല | ഹൈസ്കൂൾ തലത്തിൽ കുട്ടികൾ ഈ വിഷയത്തിന്റെ അടിസ്ഥാന കാര്യങ്ങളോ സാങ്കേതിക പദങ്ങളോ പരിചയപ്പെട്ടിട്ടില്ല, പഠിച്ചിട്ടില്ല | ഹൈസ്കൂൾ ക്ലാസ്സു മുതൽ കുട്ടികൾക്ക് സാമ്പത്തിക ശാസ്ത്രത്തിൽ താൽപര്യവും അറിവും ഉണ്ടാകുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങളും യൂണിറ്റുകളും സാമൂഹ്യശാസ്ത്ര സിലബസ്സിൽ ഉൾപ്പെടുത്തുക. |
| പാഠപുസ്തകത്തിന്റെ ഉയർന്ന ഭാഷാനിലവാരം - ഭൂരിഭാഗം വരുന്ന സാധാരണ കുട്ടികൾക്ക് വായിച്ചു മനസ്സിലാക്കുവാൻ പ്രയാസകരമാണ് | പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് വായിച്ചു മനസ്സിലാക്കാൻ കഴിയാത്ത രീതിയിൽ സങ്കീർണ്ണമായ വാചകഘടനകളും ഭാഷാപ്രയോഗങ്ങളും മറ്റും. സാധാരണ കുട്ടികൾക്ക് ആശയസ്വാംശീകരണം ആയാസകരം | മാനവിക വിഷയങ്ങൾ പഠിക്കുന്ന സാധാരണക്കാരായ കുട്ടികളുടെ നിലവാരം കൂടി കണക്കിലെടുത്ത് സങ്കീർണ്ണമായ വിശകലനങ്ങളുടെ ഭാഷാപ്രയോഗം ഒഴിവാക്കുവാൻ ശ്രദ്ധിക്കുക. |
| എല്ലാ പാഠഭാഗങ്ങളും ഫലപ്രദമായി പഠിച്ച് പൂർത്തിയാക്കുവാൻ സാധിക്കുന്നില്ല | സമയക്കുറവും പാഠഭാഗങ്ങളുടെ എണ്ണക്കൂടുതലും | പാഠഭാഗങ്ങളുടെ എണ്ണം യുക്തിസഹമായ രീതിയിൽ കുറയ്ക്കുക. ഒന്നാം വർഷ ക്ലാസ്സുകൾ ജൂൺ ആദ്യം തന്നെ തുടങ്ങുവാൻ ക്രമീകരണങ്ങൾ നടത്തുക. |
| മലയാളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമല്ല. എന്നാൽ പരീക്ഷ മലയാളത്തിൽ എഴുതുവാൻ അനുവാദമുണ്ട് | എൻ സി ഇ ആർ ടി / എസ് സി ഇ ആർ ടി മുൻകൈ എടുക്കുക | പാഠപുസ്തകങ്ങൾ മലയാളത്തിലും ലഭിച്ചാൽ ഭൂരിഭാഗം സാധാരണക്കാരായ കുട്ടികൾക്ക് പ്രയോജനകരമായിരിക്കും. |

| | | |
|---|---|---|
| | | അദ്ധ്യാപകർ മലയാളത്തിൽ നോട്ടുകൾ നൽകാറില്ല. ഏകദേശം 60% കുട്ടികൾ (പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ) മലയാളത്തിലാണ് പരീക്ഷ എഴുതുന്നത്. അതിനാൽ മലയാളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കണം |
| വിശാലമായ പാഠഭാഗം ഉള്ള അദ്ധ്യായങ്ങളിൽ നിന്നും ചിലപ്പോൾ വളരെക്കുറച്ച് ചോദ്യങ്ങൾ മാത്രമേ ചോദിക്കാറുള്ളൂ | ചോദ്യങ്ങൾ തയ്യാറാക്കുന്നത് പരിചയ സമ്പന്നരായ അദ്ധ്യാപകർ അല്ലായിരിക്കാം | പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ചോദ്യങ്ങൾ ചിട്ടപ്പെടുത്തുക. ചില മേഖലകൾ അധിക വായനയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുക |
| പാഠപുസ്തകത്തിൽ പുതിയ വിവരങ്ങളുടെ പട്ടികകൾ പലപ്പോഴും പരിഷ്കരിക്കപ്പെടാറില്ല | എൻ സി ഇ ആർ ടി / എസ് സി ഇ ആർ ടി പുസ്തകങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിയ്ക്കുന്നില്ല | പട്ടികകളും പുതിയ വിവരങ്ങളും പരമാവധി പരിഷ്കരിക്കേണ്ടതാണ്. |
| പ്രായോഗിക തലത്തിൽ സിദ്ധാന്തങ്ങൾക്കും മറ്റും കൂട്ടതൽ വിവരണങ്ങളും ഉദാഹരണങ്ങളും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പരീക്ഷയിൽ പ്രായോഗിക ചോദ്യങ്ങൾക്ക് ഉത്തരം എഴുതുവാൻ കുട്ടികൾ പ്രയാസപ്പെടുന്നു / കഴിയുന്നില്ല | ഇത്തരം മേഖലകൾ ഉൾപ്പെടുത്തിയിട്ടില്ല. | സിദ്ധാന്തങ്ങൾക്കും പുതിയ ആശയങ്ങൾക്കും പ്രായോഗിക ഉദാഹരണങ്ങളും വിശദീകരണങ്ങളും കൂടുതലായി നൽകുക. |
| ക്ലാസ്സ് മുറികളിൽ കുട്ടികളുടെ എണ്ണം കൂടുതൽ | കുട്ടികളുടെ ബാച്ച് തിരിച്ചുള്ള എണ്ണം സംബന്ധിച്ച | കുട്ടികളുടെ എണ്ണം ഒരു ബാച്ചിൽ / ക്ലാസ്സിൽ |

| | | |
|---|---|---|
| | അശാസ്ത്രീയവും സാമ്പത്തിക ലാഭകരവുമായ കാഴ്ചപ്പാട് | പരമാവധി 40-45 ആയി കുറയ്ക്കുക. |
| ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും അസ്വസ്ഥതകളും. ഉദാഹരണത്തിന് കുട്ടികൾ ഞെരുങ്ങിയിരിക്കുന്ന അവസ്ഥ. | ആവശ്യമായ ഭൗതിക സൌകര്യങ്ങളുടെ അപര്യാപ്തത (ബെഞ്ച്, ഡെസ്ക്, ഫാൻ മുതലായവ) | കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ഭൗതിക സൌകര്യം ഉറപ്പാക്കുക |
| കുട്ടികൾക്ക് അസ്വസ്ഥത, മുഷിപ്പ്, പഠന താൽപര്യക്കുറവ് മുതയായവയുള്ള പഠനക്ലാസ്സുകൾ | മിക്ക ക്ലാസ്സുകളിലും പരമ്പരാഗത ശൈലിയിൽ പഠനം നടത്തപ്പെടുന്നു. കുട്ടികളുടെ മുഷിപ്പും താൽപര്യക്കുറവും ഒഴിവാക്കുവാൻ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠന രീതികളുടെ അഭാവം | വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനത്തിനാവശ്യമായ രീതിയിൽ ക്ലാസ്സ് മുറികൾ സജ്ജീകരിയ്ക്കുക. |

## രാഷ്ട്രതന്ത്രശാസ്ത്രം

| പ്രശ്നങ്ങൾ | കാരണം | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| പാഠപുസ്തകങ്ങളുടെ മലയാളം പതിപ്പിന്റെ അപര്യാപ്തത | പാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമല്ലാത്തതിനാൽ സാധാരണക്കാരായ കുട്ടികൾക്ക് പാഠഭാഗങ്ങൾ ഉൾക്കൊള്ളാനാകുന്നില്ല. | മലയാളത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കണം |
| ഉള്ളടക്കത്തിന്റെ വലിപ്പം | ഉള്ളടക്കം കൂടുതലാണ്. ഡിഗ്രി തലത്തിൽ പഠിക്കുന്ന കാര്യങ്ങളും ഹയർ സെക്കണ്ടറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | ഉള്ളടക്കത്തിന്റെ വ്യാപ്തി കുറയ്ക്കുക |
| അടിസ്ഥാനകാര്യങ്ങളിലുള്ള അവഗാഹക്കുറവ് | ഹൈസ്കൂൾ തലത്തിൽ ആഴത്തിൽ രാഷ്ട്രതന്ത്രശാസ്ത്രം പഠിക്കുന്നില്ല | ഹൈസ്കൂൾ തലത്തിൽ രാഷ്ട്രതന്ത്രശാസ്ത്രം പഠിപ്പിക്കുക |
| അശാസ്ത്രീയമായ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം | 60 കുട്ടികളാണ് ഒരു ക്ലാസ്സിൽ ഇരിക്കുന്നത്. ഇത് പഠനപ്രക്രിയ ബുദ്ധിമുട്ടുള്ളതാക്കുന്നു | കുട്ടികളുടെ എണ്ണം 40 ആയി ചുരുക്കുക |
| വായനാശീലക്കുറവ് | സുസജ്ജമായ ഒരു ലൈബ്രറിയുടെ കുറവ്. പുസ്തകങ്ങളുടെ കുറവ് | സുസജ്ജമായ ലൈബ്രറി സജ്ജീകരിക്കുക. ആവശ്യത്തിന് പുസ്തകങ്ങൾ വാങ്ങുക. |
| വിഷയത്തിൽ താൽപര്യമില്ലായ്മ | ഹൈസ്കൂൾ തലത്തിൽ പഠിപ്പിക്കാത്തതിനാൽ താൽപര്യമില്ല. | ഹൈസ്കൂൾ തലത്തിൽ രാഷ്ട്രതന്ത്രശാസ്ത്രം പഠിപ്പിക്കുക |
| ശരിയായ മാർഗ്ഗ നിർദ്ദേശത്തിന്റെ അഭാവം | കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ശരിയായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭിക്കുന്നില്ല | ശരിയായ ബോധവൽക്കരണം സമയാസമയങ്ങളിൽ നൽകുക. |

## വാണിജ്യം

| പ്രശ്നങ്ങൾ | കാരണം | പരിഹാരങ്ങൾ |
|---|---|---|
| വായനാശീലം കുറവ് | വാണിജ്യവുമായി ബന്ധപ്പെട്ട കൂടുതൽ പുസ്തകങ്ങൾ ലഭ്യമല്ല | വാണിജ്യത്തിന് പ്രത്യേക ലൈബ്രറി നൽകുക |
| പ്രായോഗിക പരിശീലനത്തിന് പ്രാപ്തിക്കുറവ് | ലാബിൽ സൌകര്യങ്ങൾ കുറവ് | കുറഞ്ഞത് 30 കമ്പ്യൂട്ടറുകൾ ഉള്ള ലാബ് സൌകര്യം വേണം. കുട്ടികൾക്ക് വെച്ചെഴുതാൻ പാകത്തിനുള്ള കസേരകൾ നൽകണം. |
| ക്ലാസ്സിലെ ശ്രദ്ധാക്കുറവ് | തിയറി ക്ലാസ്സുകളിൽ പൂർണ്ണമായി പഠനത്തിൽ പങ്കാളിയാകുവാൻ സാധിക്കുന്നില്ല | സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കി വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനരീതികൾ ഏർപ്പെടുത്തുക |
| ഒന്നാം വർഷ ഹയർ സെക്കണ്ടറി കുട്ടികളിൽ പഠനഭയം | കച്ചവടതന്ത്രത്തിന്റേയും കണക്കെഴുത്തിന്റേയും പാഠഭാഗങ്ങൾ കൂടുതലാണ് | കച്ചവടതന്ത്രത്തിന്റെ 2 അദ്ധ്യായങ്ങൾ ഒഴിവാക്കുകയും കണക്കെഴുത്തിലെ കമ്പ്യൂട്ടർ സംബന്ധിയായ ഭാഗം രണ്ടാം വർഷത്തേക്ക് മാറ്റുകയും ചെയ്യുക. |

## ഹയർ സെക്കണ്ടറി തലത്തിലെ ക്ലബ്ബ് പ്രവർത്തനങ്ങൾ

### ഇ. ഡി. ക്ലബ്ബ്

ചുമതല : സുചിത്ര

അംഗങ്ങൾ : 35

പ്രവർത്തനലക്ഷ്യങ്ങൾ :

1. കുട്ടികളിൽ സംരംഭകത്വ ശീലം വളർത്തുക.
2. ബിസിനസ്സ് മനോഭാവം വളർത്തുക.
3. വ്യവസായ സംരംഭങ്ങൾ വളർത്തുക.
4. സമ്പാദ്യശീലം വളർത്തുക.

നടപ്പിലാക്കിയത്

1. ബോധവൽക്കരണ ക്ലാസ്
2. സെമിനാറുകൾ
3. വ്യവസായ ശാലകൾ സന്ദർശിക്കൽ

നടപ്പിലാക്കിയ കാലം : വാർഷികം. വർഷത്തിൽ 2 സെമിനാറും ഒരു ഫീൽഡ് ട്രിപ്പും.

പദ്ധതി അടങ്കൽ : 6,000/– പ്രതിവർഷം

ഏജൻസി : സംസ്ഥാന വ്യവസായ വകുപ്പ്

### തെരഞ്ഞെടുപ്പ് അവബോധന ക്ലബ്ബ്

ചുമതല : ശ്രീ. ഖാലിദ്

അംഗങ്ങൾ : 590

പ്രവർത്തനലക്ഷ്യങ്ങൾ :

യുവ വോട്ടർമാരുടെ തെരഞ്ഞെടുപ്പുകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

വോട്ടിംഗ് മെഷിൻ, വിവിപാറ്റ് എന്നിവയുടെ പ്രവർത്തനം പരിചയപ്പെടുത്തുക

ഏജൻസി : സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ

## നാഷണൽ സർവ്വീസ് സ്കീം

ചുമതല : **ജസീന്ത.സി**

അംഗങ്ങൾ : 98

പ്രവർത്തന ലക്ഷ്യങ്ങൾ :

- സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തി പരിശോധിയ്ക്കുക
- സമൂഹബോധവും പൌരബോധവും വളർത്തുക
- നേതൃത്വപാടവം വളർത്തുക
- ദേശീയോദ്ഗ്രഥനവും സാമൂഹിക സൌഹാർദ്ദവും വളർത്തുക

നടപ്പിലാക്കിയത് :

- സാമൂഹിക പ്രവർത്തനം
- സ്കൂൾ കാമ്പസ് പ്രവർത്തനം
- റെസിഡൻഷ്യൽ ക്യാമ്പുകൾ

നടപ്പിലാക്കിയ കാലം : വാർഷികം

പദ്ധതി അടങ്കൽ :

| | | |
|---|---|---|
| സാമൂഹിക തല പ്രവർത്തനം | : | 10,000 |
| ക്യാമ്പ് പ്രവർത്തനങ്ങൾ | : | 22,500 |
| ആകെ | : | 32,500 |

ഏജൻസി : ദേശീയ യുവജനക്ഷേമ വകുപ്പ്

## ലഹരി വിരുദ്ധ ക്ലബ്ബ്

| | | |
|---|---|---|
| ചുമതല | : | **കാഞ്ചന.എസ്** |
| അംഗങ്ങൾ | : | 21 |

പ്രവർത്തന ലക്ഷ്യങ്ങൾ :

- സ്കൂൾ പരിസരത്ത് ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുക
- ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
- ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് കൌൺസലിംഗ് നൽകുക
- ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക

നടപ്പിലാക്കിയത് :

- ബോധവൽക്കരണ ക്ലാസ്സുകൾ
- പ്രചരണ പരിപാടികൾ

| | | |
|---|---|---|
| നടപ്പിലാക്കിയ കാലം | : | മാസികം.<br>എല്ലാ മാസവും ഒന്നാമത്തെ ശനിയാഴ്ചകളിൽ |
| പദ്ധതി അടങ്കൽ | : | 2,000 പ്രതിവർഷം |
| ഏജൻസി | : | സംസ്ഥാന എക്സൈസ് വകുപ്പ് |

## ലഹരി വിരുദ്ധ ക്ലബ്ബ്

ചുമതല : **കാഞ്ചന.എസ്**

അംഗങ്ങൾ : 21

പ്രവർത്തന ലക്ഷ്യങ്ങൾ :

- സ്കൂൾ പരിസരത്ത് ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തുക
- ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
- ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് കൌൺസലിംഗ് നൽകുക
- ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക

നടപ്പിലാക്കിയത് :

- ബോധവൽക്കരണ ക്ലാസ്സുകൾ
- പ്രചരണ പരിപാടികൾ

നടപ്പിലാക്കിയ കാലം : മാസികം.

എല്ലാ മാസവും ഒന്നാമത്തെ ശനിയാഴ്ചകളിൽ

പദ്ധതി അടങ്കൽ : 2,000 പ്രതിവർഷം

ഏജൻസി : സംസ്ഥാന എക്സൈസ് വകുപ്പ്

## ഹയർസെക്കൻഡറി തലത്തിലെ കഴിഞ്ഞ 3 വർഷങ്ങളിലെ വിജയ ശതമാനം

| | |
|---|---|
| 2022-23 | 84 % |
| 2023-24 | 67 % |
| 2024-25 | 71 % |

## അധ്യായന വർഷാരംഭത്തിൽ ചുമതല നൽകിയ അധ്യാപകർ

| ചുമതല | അധ്യാപകർ |
|---|---|
| സീനിയർ അസിസ്റ്റന്റ് | ജയശ്രീ.കെ.ആർ |
| സ്റ്റാഫ് സെക്രട്ടറി | സിന്ധു.പി.നായർ |
| എസ്.ആർ.ജി.കൺവീനർ | ജയശ്രീ.കെ.ആർ |
| കലാമേള | ഗീതാകുമാരി, കാഞ്ചന |
| കായികമേള | മജേഷ്.എസ്, പ്രിൻസ്.എ |
| പഠനയാത്ര | ഭാഗ്യലക്ഷ്മി.പി, രജിനി.ഡി |
| എൻ.എസ്.എസ് | ജസീന്ത.സി, പ്രിൻസ് |

| ക്ലബ്ബുകൾ | ചുമതലയുള്ള അധ്യാപകർ |
|---|---|
| തെരഞ്ഞെടുപ്പ് അവബോധന ക്ലബ്ബ് | ലിഷ.എൽ |
| ലഹരി വിരുദ്ധ ക്ലബ്ബ് | കാഞ്ചന.എസ് |
| എൻ.എസ്സ്.എസ്സ് | ജസിന്ത.സി |

## ഹയർസെക്കൻഡറി തലം - അധ്യാപകർ

| വിഷയം | സീനിയർ | ജൂനിയർ | ആവശ്യമുള്ളത് |
|---|---|---|---|
| മലയാളം | കാഞ്ചന.എസ് | പ്രിൻസ് | |
| ഹിന്ദി | ബീന.ബി | | |
| സംസ്കൃതം | | ജസീന്ത.സി | |
| ഇംഗ്ലീഷ് | ഭാഗ്യലക്ഷ്മി.പി<br>ഗീതാകുമാരി<br>വാണി.ചന്ദ്രൻ | | |
| ഗണിതശാസ്ത്രം | ജിഷ.ജി.നാഥ്<br>രാജശ്രീ.കെ.എൻ | | |
| ഭൗതികശാസ്ത്രം | ഷെജില<br>ജയശ്രീ.കെ.ആർ | | |

| | | | |
|---|---|---|---|
| രസതന്ത്രം | മഞ്ജുള.എം.എസ്<br>സിന്ധു.പി.നായർ | | |
| സസ്യശാസ്ത്രം | റോസ്ലി ജോസ് | | |
| ജന്തുശാസ്ത്രം | ദൃശ്യ.എസ്.ജയറാം | | |
| കമ്പ്യൂട്ടർ സയൻസ് | രാജ്നി.ഡി | മജേഷ്.എസ് | |
| വാണിജ്യം | | | |
| ധനതത്വശാസ്ത്രം | നസീമ.എൻ.എ | അനിത<br>കുമാരി.<br>എസ്സ് | |
| ഭൂമിശാസ്ത്രം | ജയശ്രീ.എ | | |
| രാഷ്ട്രതന്ത്രം | ലിഷ.എൽ | | |
| ചരിത്രം | സജിത സുന്ദരം | | |
| ലാബ് സഹായി | സുധ.എസ് | അർച്ചന<br>അരവിന്ദ് | |

## സ്കൂളിന്റെ ഭൗതികാന്തരീക്ഷം

നിലവിലെ ഭൗതിക സാഹചര്യത്തിൽ നിന്നും പടിപടിയായി മെച്ചപ്പെട്ട സാഹചര്യങ്ങൾ വികസിപ്പിക്കുക വഴി വിവിധങ്ങളായ മേഖലകളിൽ മികച്ച നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നേടിക്കൊടുക്കാൻ കഴിയും. സ്കൂൾ കാലയളവിൽ നിന്നു തന്നെ വിവിധങ്ങളായ മേഖലകൾ തെരഞ്ഞെടുക്കുവാൻ കുട്ടികളെ പ്രാപ്തമാക്കുകയും അവർ തെരഞ്ഞെടുക്കുന്ന മേഖലകളിൽ ആവശ്യമായ പ്രാഥമിക വിജ്ഞാനം പകർന്നു നൽകുവാനും അവരെ തുടർ പഠനത്തിന് പ്രാപ്തരാക്കുവാനും കഴിയുന്ന സമഗ്രമായ പദ്ധതിയാണ് അടുത്ത അഞ്ചു വർഷങ്ങളിലായി നടപ്പിൽ വരുത്തുന്നതിനായി വിഭാവനം ചെയ്യുന്നത്.

മികവിന്റെ കേന്ദ്രമാക്കി സ്കൂളിനെ മാറ്റിയെടുക്കുവാൻ അന്താരാഷ്ട്ര തലത്തിൽ തന്നെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളിൽ സ്വകാര്യ മേഖലയിൽ നൽകുന്ന സൌകര്യങ്ങൾക്ക് സമാനമായ തലത്തിൽ തന്നെ ഭൗതിക സാഹചര്യങ്ങൾ മികവുറ്റതാക്കിയെങ്കിൽ മാത്രമേ ഈ ലക്ഷ്യത്തിലെത്തുവാൻ കഴിയുകയുള്ളൂ. സമഗ്രവും സമ്പുഷ്ടവുമായ ഒരു വിജ്ഞാന വിനിമയ സ്രോതസ്സായി സ്കൂളിനെ മാറ്റിയെടുക്കുക വഴി മികവുറ്റ വിദ്യാർത്ഥികളെ രൂപപ്പെടുത്തിയെടുക്കുവാൻ കഴിയും.

കലാകായിക, സാങ്കേതിക വിദ്യകളിൽ മികവു വർദ്ധിപ്പിക്കുന്നതിനൊപ്പം പരീക്ഷണ നിരീക്ഷണത്തിലും സാമൂഹിക അപഗ്രഥനത്തിലും തൊഴിൽ നൈപുണ്യത്തിലും ഭാഷാപാടവത്തിലും കാർഷിക മേഖലയിലും കൂടി വിദ്യാർത്ഥികളിലെ അഭിരുചി വർദ്ധിപ്പിക്കേണ്ടതുണ്ട്. വിവിധങ്ങളായ മേഖലകളിൽ വിദ്യാർത്ഥികളുടെ ശേഷി വളർത്തുവാനും അതു തുടർപഥത്തിൽ നിലനിർത്തുവാനും വേണ്ടതായ പരിശീലനവും മാർഗ്ഗനിർദ്ദേശവും അപ്പർ പ്രൈമറി തലത്തിൽ തുടങ്ങി ഹയർ സെക്കണ്ടറി തലം വരെ നൽകിയെങ്കിൽ മാത്രമേ ലക്ഷ്യം പൂർത്തിയാകൂ.

സമഗ്ര വിദ്യാലയ വികസന രേഖ എങ്ങനെ തയ്യാറാക്കാം എന്ന് തീരുമാനിക്കുന്നതിനായി 2017 ഒക്ടോബർ മാസം ഒൻപതാം തീയതി എസ് ആർ ജി യോഗം കൂടുകയുണ്ടായി. പി ടി എ യുടെ ഏതാനും ഭാരവാഹികളെക്കൂടി യോഗത്തിൽ പങ്കെടുപ്പിച്ച് ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചു. രക്ഷാകർത്താക്കളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കു വെച്ചു. ചർച്ചയ്ക്കു ശേഷം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

താഴെപ്പറയുന്ന ഭൗതിക സാദ്ധ്യതകൾ ഉൾക്കൊള്ളിച്ച് പ്രാമുഖ്യ ക്രമത്തിൽ നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുകയും ചെയ്യുന്നു.

- എസ് എസ് എൽ സിയ്ക്ക് തുടർച്ചയായ നാലാം വർഷവും 100% വിജയം ലഭിച്ചു.
- ശ്രദ്ധ, മലയാളത്തിളക്കം, നവപ്രഭ തുടങ്ങിയ പരിപാടികളിൽ ശ്രദ്ധയൂന്നി പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിപാടികൾ പുരോഗമിക്കുന്നു.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.
- മുഴുവൻ കുട്ടികളേയും വായനയിൽ താൽപ്പര്യമുള്ളവരായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.
- എല്ലാ ദിവസവും അസംബ്ലിയിൽ പത്രവായന നടത്തുന്നുണ്ട്.
- കുട്ടികളുടെ വായനാശീലം മെച്ചപ്പെടുത്തുന്നതിനായി വായനാമത്സരം, വായനാക്കുറിപ്പ്, വായനച്ചങ്ങല എന്നിവ നടത്തുവാൻ തീരുമാനിച്ചു.
- വായന പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് റൂം ലൈബ്രറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- വായനയുടെ പ്രാധാന്യത്തെപ്പറ്റി രക്ഷിതാക്കളെ ബോധവാന്മാരാക്കും.
- പഠനസമയത്തിനു പുറത്ത് വായനയ്ക്കായി പ്രത്യേക സമയം കണ്ടെത്തി വായനാപ്രവർത്തനങ്ങൾ നടപ്പിലാക്കും.
- സർഗ്ഗവേളകളിൽ ഇ-വായന, മഹദ് വാക്യ വായനാ വായ്ത്താരികൾ, കവിവചനങ്ങൾ, നാടൻപാട്ടുകൾ ഇങ്ങനെ കിട്ടുന്നതെന്തും വായിക്കുന്നതിനുള്ള അവസരങ്ങൾ നൽകും.
- സ്കൂളിൽ വിവിധ സ്ഥലങ്ങളിലായി ഓപ്പൺ ലൈബ്രറികൾ സ്ഥാപിക്കുവാൻ തീരുമാനിച്ചു.
- വായനാക്കുറിപ്പുകൾ സ്കൂൾ അസംബ്ലിയിൽ കുട്ടികൾ അവതരിപ്പിക്കുവാൻ അവസരം നൽകി.
- മികച്ച കുറിപ്പുകൾ അവതരിപ്പിച്ച് സ്വതന്ത്രരചനയ്ക്ക് അവസരം നൽകി.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവരുടെ കഴിവിനനുയോജ്യമായ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.
- ഈ പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കും. അതിനായി ഭവന സന്ദർശനം, കോർണർ പി ടി എ എന്നിവ നടപ്പാക്കും.

- വായന, ലേഖനം എന്നീ മേഖലകൾ സുതാര്യമാക്കാൻ ലാംഗ്വേജ് ലാബുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.
- മലയാളം കൂടാതെ ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നിവയ്ക്ക് പ്രത്യേക ലാബുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.
- പഠനതന്ത്രമെന്ന നിലയിൽ പരമാവധി കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള ഓഡിയോ വീഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനുമുള്ള അവസരങ്ങൾ സംഘടിപ്പിക്കും.
- ഓരോ ക്ലാസ്സിലും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായനാ സാമഗ്രികൾ തയ്യാറാക്കി വായനയുടെ വിവിധങ്ങളായ രീതികൾ പരിചയപ്പെടുത്തുന്നതിനും വായനാ താൽപ്പര്യങ്ങൾ ജനിപ്പിക്കുന്ന തരത്തിലുള്ള ചെറിയ കഥാ പുസ്തകങ്ങൾ, കവിതാ പുസ്തകങ്ങൾ എന്നിവ ഓരോ ക്ലാസ്സിലും സജ്ജീകരിക്കുന്നതിന് തീരുമാനിച്ചു.
- ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിന് രക്ഷിതാക്കളുടെ സഹായം തേടുന്നതിനും തീരുമാനിച്ചു.
- കുട്ടികൾക്ക് സംസ്കൃതാഭിമുഖ്യമുണ്ടാക്കുന്ന വാർത്തകൾ തെരഞ്ഞെടുത്ത് അസംബ്ലികളിൽ അവതരിപ്പിക്കുവാൻ അവസരമുണ്ടാക്കി.
- കുട്ടികളിൽ വായനാശീലം വളർത്തുവാൻ സഹായകരമായ രീതിയിൽ സംസ്കൃതപുസ്തകങ്ങൾ കൂടുതൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
- വിദ്യാലയത്തിലെ സംസ്കൃത അസംബ്ലികൾ കൂടുതൽ വിപുലപ്പെടുത്തുവാൻ തീരുമാനിച്ചു.
- ഗണിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഗണിതലാബുകളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുവാൻ തീരുമാനിച്ചു.
- ശാസ്ത്രലാബുകളിൽ ഓരോ കുട്ടിക്കും പരീക്ഷണനിരീക്ഷണം നടത്തുവാനുള്ള അവസരം ഉണ്ടാക്കിയെടുക്കുവാൻ തീരുമാനിച്ചു.
- പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനും ജ്യോതിശാസ്ത്രലാബുകൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു.
- അതിലൂടെ നക്ഷത്രക്കൂട്ടങ്ങളേയും ഗ്രഹങ്ങളേയും ആകാശത്ത് നിരീക്ഷിക്കുവാനും ഗ്രഹങ്ങളുടെ ഭ്രമണം, പരിക്രമണം ഇവയുമായി

ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.

- സാമൂഹ്യശാസ്ത്രമ്യൂസിയം എന്ന ആശയം പ്രാവർത്തികമാക്കുവാൻ തീരുമാനിച്ചു.
- വരയ്ക്കാൻ കഴിവുള്ള കുട്ടികളുടെ കലാപരമായ കഴിവ് വളർത്തുകയും ചിത്രകലയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആർട്ട് ഗ്യാലറി രൂപീകരിക്കുവാൻ തീരുമാനിച്ചു.
- വിവിധ ചിത്രകലാ സമ്പ്രദായങ്ങൾ, ചിത്രകാരന്മാർ, പെയിന്റിംഗുകൾ, ഹ്രസ്വചിത്രങ്ങൾ ഇവ പ്രദർശിപ്പിക്കുവാനുള്ള തിയേറ്റർ നിർമ്മിക്കുവാൻ തീരുമാനിച്ചു.
- ആർട്ട്, വർക്ക് എക്സ്പീരിയൻസ് ഇവ പരിശീലിപ്പിക്കുന്നതിനുള്ള പ്രത്യേക റൂമുകളും അതിനാവശ്യമായ സാധനങ്ങളും ലഭ്യമാക്കുക
- കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ലോംങ് ജമ്പ്, ഹൈ ജമ്പ് പിറ്റുകൾ, പോൾ വാൾട്ടിനുള്ള പോൾ ബോക്സ്, പ്ലാറ്റ്ഫോം സ്റ്റാൻഡ്, ഹാമർ പോൾ എന്നിവ ലഭ്യമാക്കുക.
- ഇന്റർനെറ്റ്, സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ, ഇ–മെയിൽ, ഇ–ലേർണിംങ് തുടങ്ങിയവയിൽ വ്യക്തമായ ധാരണ ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിനായി വിവിധ മേളകൾ, ക്ലബ്ബുകൾ, ചർച്ചാ വേദികൾ, പഠന യാത്രകൾ, എസ് പി സി, എൻ സി സി എന്നിവ കൂടുതലായി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു.

പ്രവർത്തനം 1.

| | | |
|---|---|---|
| പേര് | : | അടുക്കള, ഡൈനിംഗ് ഹാൾ |
| വിഭാഗം | : | ഭൌതികം |
| ലക്ഷ്യം | : | ഉച്ച ഭക്ഷണം തയ്യാറാക്കുവാൻ നിലവിലുള്ള അടുക്കള സംവിധാനം തീർത്തും അപര്യാപ്തമാണ്. മികച്ച സൌകര്യങ്ങളോടു കൂടിയ ഒരു ഭക്ഷണപ്പുരയും കലവറയും അടിയന്തിര പ്രാധാന്യമുള്ളതാണ്. നിലവിൽ കുട്ടികൾക്ക് ഭക്ഷണം കഴിക്കുവാൻ ഭക്ഷണശാലയില്ല. കുട്ടികൾക്ക് വെയിലും മഴയുമേൽക്കാതെ ഇരുന്നു ഭക്ഷണം കഴിക്കുവാനും പാത്രങ്ങളും കയ്യും കഴുകുവാനുമുള്ള സൌകര്യം കൂടി അടിയന്തിരമായി ആവശ്യമുള്ളവയാണ്. കുടിവെള്ളവും പാചകത്തിനുള്ള വെള്ളവും ശുദ്ധീകരിക്കുവാൻ ആറു ജലശുദ്ധീകരണ യന്ത്രങ്ങളും ആവശ്യമാണ്. |
| കാലം | : | ഒരു വർഷം |
| ചുമതല | : | പി ടി എ |
| മതിപ്പ് | : | 30 ലക്ഷം രൂപ |
| സ്രോതസ്സ് | : | എം എൽ എ / എം പി ഫണ്ട് |

പ്രവർത്തനം 8.

പേര് : കളിസ്ഥലം നവീകരിക്കൽ

വിഭാഗം : ഭൗതികം

ലക്ഷ്യം : ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ പൊതു വിദ്യാലയ കളിസ്ഥലം ഈ സ്കൂളിനുണ്ട്. 1980 കളിൽ വരെ വിവിഐപി ഹെലിപാട് ആയി ഉപയോഗിച്ചിരുന്ന സ്കൂൾ കളിസ്ഥലം തീർത്തും ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്. ചുറ്റുമതിൽ കെട്ടിയും, മണ്ണിട്ടുയർത്തി വെള്ളക്കെട്ട് ഒഴിവാക്കിയും, ചുറ്റും ഗാലറി നിർമ്മിച്ചും സ്കൂൾ കുട്ടികളുടെ കായിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ഇത് അടിയന്തിര പ്രാധാന്യത്തോടെ നവീകരിക്കേണ്ടതുണ്ട്.

കാലം : അഞ്ച് വർഷം

ചുമതല : പി ടി എ

മതിപ്പ് : എണ്പത് ലക്ഷം രൂപ

സ്രോതസ്സ് : രാഷ്ട്രപതി ഭവൻ /കായിക മന്ത്രാലയം / എം പി ഫണ്ട്

പ്രവർത്തനം 9.

| | | |
|---|---|---|
| പേര് | : | സോളാർ പവർ പ്ലാന്റ് |
| വിഭാഗം | : | ഭൗതികം |
| ലക്ഷ്യം | : | സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്സുകൾക്ക് ആവശ്യമായി വരുന്ന വൈദ്യുതിയിൽ സ്വയം പര്യാപ്തമാകുവാനും കഴിയും. ആവശ്യത്തിൽ അധികമായി ഉൽപാദനം വരുന്ന പക്ഷം അത് വൈദ്യുതി ബോർഡിനു കൈമാറി മുടക്കുമുതലിൽ നിന്ന് വരുമാനം നേടാനും കഴിയും. ആദ്യഘട്ടത്തിൽ 30 കിലോവാട്ട് പ്ലാന്റ് സ്ഥാപിച്ച് പിന്നീട് അര മെഗാവാട്ടായി ഉയർത്താനും പദ്ധതിയിടുന്നു. |
| കാലം | : | ഒരു വർഷം |
| ചുമതല | : | പി ടി എ |
| മതിപ്പ് | : | മുപ്പത് ലക്ഷം രൂപ |
| സ്രോതസ്സ് | : | ഊർജ്ജ മന്ത്രാലയം / എം എൽ എ / എം പി ഫണ്ട് |

പ്രവർത്തനം 10.

| | | |
|---|---|---|
| പേര് | : | വാട്ടർ ഫിൽറ്ററുകൾ |
| വിഭാഗം | : | ഭൗതികം |
| ലക്ഷ്യം | : | ശുദ്ധമായ കുടിവെള്ളം എല്ലാ കുട്ടികൾക്കും യഥേഷ്ടം ലഭിക്കത്തക്ക വിധം എല്ലാ ബ്ലോക്കുകളിലും ശുദ്ധജല ഫിൽറ്ററുകൾ സ്ഥാപിക്കുക.. |
| കാലം | : | ഒരു വർഷം |
| ചുമതല | : | പി ടി എ |
| മതിപ്പ് | : | മൂന്ന് ലക്ഷം രൂപ |
| സ്രോതസ്സ് | : | പൊതു സമാഹരണം / നഗരസഭ |

പ്രവർത്തനം 9.

പേര് : സോളാർ പവർ പ്ലാന്റ്

വിഭാഗം : ഭൗതികം

ലക്ഷ്യം : സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്സുകൾക്ക് ആവശ്യമായി വരുന്ന വൈദ്യുതിയിൽ സ്വയം പര്യാപ്തമാകുവാനും കഴിയും. ആവശ്യത്തിൽ അധികമായി ഉൽപാദനം വരുന്ന പക്ഷം അത് വൈദ്യുതി ബോർഡിനു കൈമാറി മുടക്കുമുതലിൽ നിന്ന് വരുമാനം നേടാനും കഴിയും. ആദ്യഘട്ടത്തിൽ 30 കിലോവാട്ട് പ്ലാന്റ് സ്ഥാപിച്ച് പിന്നീട് അര മെഗാവാട്ടായി ഉയർത്താനും പദ്ധതിയിടുന്നു.

കാലം : ഒരു വർഷം

ചുമതല : പി ടി എ

മതിപ്പ് : മുപ്പത് ലക്ഷം രൂപ

സ്രോതസ്സ് : ഊർജ്ജ മന്ത്രാലയം / എം എൽ എ / എം പി ഫണ്ട്

പ്രവർത്തനം 10.

പേര് : വാട്ടർ ഫിൽറ്ററുകൾ

വിഭാഗം : ഭൗതികം

ലക്ഷ്യം : ശുദ്ധമായ കുടിവെള്ളം എല്ലാ കുട്ടികൾക്കും യഥേഷ്ടം ലഭിക്കത്തക്ക വിധം എല്ലാ ബ്ലോക്കുകളിലും ശുദ്ധജല ഫിൽറ്ററുകൾ സ്ഥാപിക്കുക..

കാലം : ഒരു വർഷം

ചുമതല : പി ടി എ

മതിപ്പ് : മൂന്ന് ലക്ഷം രൂപ

സ്രോതസ്സ് : പൊതു സമാഹരണം / നഗരസഭ

പ്രവർത്തനം 11.

| | | |
|---|---|---|
| പേര് | : | തോട്ടങ്ങളും ഉദ്യാനങ്ങളും |
| വിഭാഗം | : | അക്കാദമികം |
| ലക്ഷ്യം | : | ബൊട്ടാണിക്കൽ ഗാർഡൻ, ഔഷധ സസ്യത്തോട്ടം, പഴം – പച്ചക്കറിത്തോട്ടം, അക്വാപൊണിക്സ് കൃഷിയിടം, ടിഷ്യൂ കൾച്ചർ ലാബ്, ഗ്രീൻ ഹൌസ്, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ശലഭോദ്യാനം എന്നിവ സ്ഥാപിക്കുകയും കാർഷികോത്പന്നങ്ങളും നടീൽ വസ്തുക്കളും പൊതുജനങ്ങൾക്ക് വിൽക്കുന്നതിനായി കൌണ്ടറും തുടങ്ങുക. |
| കാലം | : | ഒരു വർഷം |
| ചുമതല | : | പി ടി എ |
| മതിപ്പ് | : | അഞ്ച് ലക്ഷം രൂപ |
| സ്രോതസ്സ് | : | വനം / കൃഷി / ആയുഷ് / പരിസ്ഥിതി വകുപ്പ് |

പ്രവർത്തനം 12.

| | | |
|---|---|---|
| പേര് | : | നാപ്കിൻ വെൻഡിംഗ് / ഇൻസിനറേറ്റർ |
| വിഭാഗം | : | ഭൌതികം |
| ലക്ഷ്യം | : | സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുക. സാനിറ്ററി നാപ്കിനുകൾ കത്തിക്കുവാനുള്ള ഇൻസിനറേറ്റർ ഒരുക്കുക. |
| കാലം | : | ഒരു വർഷം |
| ചുമതല | : | പി ടി എ |
| മതിപ്പ് | : | അഞ്ച് ലക്ഷം രൂപ |
| സ്രോതസ്സ് | : | ആരോഗ്യ / വനിതാ ശിശുക്ഷേമ വകുപ്പ് / ശുചിത്വ മിഷൻ |

ഭൌതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് മേൽ വിവരിച്ചതിൽ ഉപരിയായി താഴെപ്പറയുന്ന വിഭാഗങ്ങൾ കൂടി ബന്ധപ്പെട്ട വിഭാഗങ്ങളെ ഏകോപിപ്പിച്ച് മുൻഗണനാ പട്ടികയിൽപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

- സ്കൂളിൽ കുട്ടിയുടെ ഹാജർ മുതൽ പ്രവർത്തനങ്ങൾ എല്ലാം തന്നെ നിരീക്ഷിക്കുന്നതിനും രേഖപ്പെടുത്തുന്നതിനുമായി റേഡിയോ ഫ്രീക്വൻസി ടാഗ് അടക്കം ചെയ്ത ഐഡി കാർഡുകൾ ഏർപ്പെടുത്തുക.
- ലൈബ്രറി പുസ്തകങ്ങൾക്ക് റേഡിയോ ഫ്രീക്വൻസി ടാഗ് ചെയ്യുക വഴി പുസ്തകങ്ങൾ ട്രാക്ക് ചെയ്യുവാൻ സാധിക്കും.
- ക്ലാസ് മുറികൾ, ലാബ്, ലൈബ്രറി, പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക.
- ക്ലാസ് മുറികളിൽ ഇരുവശത്തേക്കും ആശയ വിനിമയം നടത്തുവാൻ കഴിയുന്ന വിധത്തിൽ ഉച്ചഭാഷിണികളും മൈക്രോഫോണും സ്ഥാപിക്കുക.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, മറ്റു രണ്ട് വിദേശ ഭാഷകൾ എന്നിവയിൽ കുട്ടികൾക്ക് പ്രാവീണ്യം നൽകുന്നതിനായി ലാങ്ഗ്വേജ് ലാബുകൾ സ്ഥാപിക്കുക.
- എഴുപത്തിയഞ്ച് പേർക്ക് ഇരിക്കാവുന്ന ദ്വിതല വീഡിയോ കോൺഫറൻസിംഗ് സൌകര്യത്തോടു കൂടിയ ഇന്ററാക്ടീവ് കോൺഫറൻസ് ഹോളും മീറ്റിംഗ് റൂമും നിർമ്മിക്കുക.
- സ്കൂൾ കായികമേളയിലെ എല്ലാ ഇനങ്ങളും പരിശീലിക്കുവാനുമുള്ള സജ്ജീകരണങ്ങളൊരുക്കുക.
- സ്പോർട്ട്സ് ക്ലബ് / യോഗ ക്ലബ് / സ്കേറ്റിംഗ് ക്ലബ് എന്നിവ തുടങ്ങുക.
- സ്കൂൾ ചുറ്റുമതിലും ഗേറ്റും ബലപ്പെടുത്തി അസസ് മാനേജ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക. കുട്ടികൾ സ്കൂളിലെത്തുമ്പോഴും തിരികെ മടങ്ങുമ്പോഴും ലോഗ് ചെയ്യുക വഴി കുട്ടികളെ രക്ഷിതാക്കൾക്ക് നിരീക്ഷിക്കുവാൻ സാധിക്കുന്ന വിധത്തിൽ വെബ് ഇന്റർഫേസുമായി ബന്ധിപ്പിക്കുക.
- കുട്ടികളുടെ ദൈനംദിന പ്രവർത്തനങ്ങളിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും വിലയിരുത്തലുകൾ നടത്തി അതാതു സമയത്തു തന്നെ രക്ഷിതാക്കൾക്ക് നിരീക്ഷിക്കുവാൻ സാധിക്കുന്ന വിധത്തിൽ വെബ് ഇന്റർഫേസുമായി ബന്ധിപ്പിക്കുക.

- അടൽ ടിങ്കറിംഗ് ലാബ് നിലവാരത്തിൽ പ്രോട്ടോടൈപ്പ് നിർമ്മാണം, വിഭവശേഷി ആസൂത്രണം, പ്രൊജക്റ്റ് നിർമ്മാണം എന്നീ വിഷയങ്ങൾക്കായി ആധുനിക സൌകര്യങ്ങളോടുകൂടി 3ഡി പ്രിന്റിംഗ് സൌകര്യമുള്ള ലാബ് ആരംഭിക്കുക.
- അദ്ധ്യാപകർക്ക് പരിശീലനം നൽകുവാനായി ഓൺലൈൻ റിസോഴ്സ് ലാബുകൾ ആരംഭിക്കുകയും സ്വദേശ-വിദേശ വൈജ്ഞാനിക സംഘങ്ങളുമായി വിനിമയം നടത്തുകയും ചെയ്യുവാനുള്ള അവസരമൊരുക്കുക.
- കുട്ടികളിലെ ഭാവനാശേഷിയും കലാനിപുണതയും സർഗ്ഗവൈവിദ്ധ്യവും കോർത്തിണക്കി സ്കൂൾ മാഗസിനുകൾ, ക്ലാസ് മാഗസിനുകൾ, വിഷയവാരികകൾ എന്നിവ തയ്യാറാക്കുകയും അത് സ്കൂളിന്റെ വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുക. ദ്വൈവാരികമായി ഓരോ വിഷയത്തിലും പ്രാമുഖ്യമുള്ളവരെ സഹകരിപ്പിച്ച് പ്രവർത്തനങ്ങൾ വിപുലമാക്കുക.
- സ്ഥിരം ഹെൽത്ത് സെന്റർ / ഫിറ്റ്നെസ് സെന്റർ / സ്പോർട്സ് മെഡിസിൻ / ഫസ്റ്റ് എയ്ഡ് സെന്റർ എന്നിവയൊരുക്കുകയും സ്ഥിരമായി ഒരാളെ ചുമതലയേൽപ്പിക്കുകയും ചെയ്യുക.
- ഐ ഇ ഡി കുട്ടികൾക്ക് വേണ്ടി സ്ഥിരം പരിശീലന കേന്ദ്രവും വിദ്യാഭ്യാസ കേന്ദ്രവും ക്ഷമതാശേഷി വർദ്ധിപ്പിക്കാനാവശ്യമായ സൌകര്യങ്ങളും ഒരുക്കുക.
- ആയിരം കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ അടുക്കളയും കലവറയും ഒരുക്കുക. അതോടൊപ്പം ശുദ്ധജലത്തിനാവശ്യമായ ഫിൽറ്ററുകളും മാലിന്യ സംസ്കരണകേന്ദ്രവും ഒരുക്കുക. അഞ്ഞൂറു കുട്ടികൾക്ക് ആഹാരം കഴിക്കുവാൻ പര്യാപ്തമായ ഊട്ടുപുരയൊരുക്കുകയും പാത്രവും കയ്യും കഴുകാനുള്ള സൌകര്യവും ഒരുക്കുക.
- മാലിന്യ സംസ്കരണ ശാലയും അതോടൊപ്പം ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുക.
- ഐഇഎൽടിഎസ് / ടോഫെൽ തുടങ്ങിയ പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തമാക്കുവാൻ പരിശീലനകേന്ദ്രം സ്ഥാപിക്കുക.
- യുപി / ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പത്ത് പുതിയ സ്മാർട്ട് ക്ലാസ് മുറികൾ ഒരുക്കുക. നിലവിൽ നിലവാരമില്ലാത്ത അവസ്ഥയിലുള്ള കെട്ടിടം പൊളിച്ചു നീക്കിയാൽ അവിടെ പുതിയ കെട്ടിടം നിർമ്മിക്കാം. മുകൾ നിലയിൽ

ആധുനിക ലാബുകളും കോൺഫറൻസിംഗ് റൂമിനും സൌകര്യമുണ്ടാകും. ഏറ്റവും മുകളിലായി അഞ്ഞൂറു മുതൽ എഴുന്നൂറ്റി അൻപത് കുട്ടികൾക്ക് ഇരിക്കാവുന്ന മിനി ഓഡിറ്റോറിയവും ഒരുക്കാം.

- സിനിമാ / ഹ്രസ്വ ചിത്രം / നാടകം എന്നിവയുമായി ഒരു ഡ്രാമാ ക്ലബ് / തീയേറ്റർ ക്ലബ് സ്ഥാപിക്കുകയും കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്യുക.
- ഗണിത ശാസ്ത്രത്തിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്കൽ സയൻസസ്, ചെന്നൈയുമായി സഹകരിച്ച് അഡ്വാൻസ്ഡ് മാത്തമാറ്റിക്കൽ ലാബ് തുടങ്ങുകയും വാരാന്ത്യ ഗണിത പഠനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
- ചിത്രകല / ക്രാഫ്റ്റ് / ഒറിഗാമി / പാവനിർമ്മാണം / ശിൽപകല / തടിയിലും തകിടിലും ചിത്രപ്പണി / കടച്ചിൽ / കൊത്തുപണി എന്നിവയുമായി സ്ഥിരം സംവിധാനവും പ്രദർശന വിപണന കേന്ദ്രവും.
- തൊഴിൽ / നൈപുണ്യ ശേഷി വികസന കേന്ദ്രവും പരിശീലന സൌകര്യവും ഒരുക്കുക
- പഠനപ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കായി പ്രത്യേക പരിശീലന പദ്ധതികൾ നിലവിലുള്ളതിൽ നിന്ന് ഉയർത്തുക. അതിനായി മാനസിക പരിശീലനം നൽകുക.
- ഇന്ത്യയിലേയും വിദേശത്തേയും സർവ്വകലാശാലകളിൽ തുടർ പഠനത്തിനു പ്രാപ്തരാക്കുന്നതിലേക്കായി സഹായ കേന്ദ്രവും പരിശീലന വിവരവിനിമയ കേന്ദ്രവും സ്ഥാപിക്കുക.
- എൻസിസി / എസ് പി സി / എൻ എസ്സ് എസ്സ് വിഭാഗങ്ങൾക്ക് സൌകര്യങ്ങളോട്ടുകൂടിയ മുറികളും ഫ്രണ്ട് ഓഫീസ് സൌകര്യവും ഒരുക്കുക.
- സ്കൂളിന്റെ ഓഫീസ് നവീകരിക്കുകയും രേഖകൾ ഡിജിറ്റൽവൽക്കരിക്കുകയും ചെയ്യുക.
- വൈഫൈ ക്യാമ്പസ് ഒരുക്കുകയും ടാബ്ലറ്റ് പിസി വഴി പാഠ പുസ്തകങ്ങളും പാഠഭാഗങ്ങളും നൽകുകയും ചെയ്യുക. കുട്ടികൾക്ക് ഭാരമേറിയ ബാഗ് ഒഴിവാക്കാനും പഠനം ദൃശ്യ-ശ്രാവ്യ രീതിയിലേക്ക് മാറുന്നതു വഴി മികവുറ്റതാക്കാനും ഇതുവഴി കഴിയും.

## മികച്ച നേട്ടം കൈവരിച്ച വിദ്യാർത്ഥികൾ

ആദിത്യ ചന്ദ്ര പ്രശാന്ത് / AADITYA CHANDRA PRASANTH
XI സയൻസ് (ബയോമാത്സ്),

എക്കോകുക്ക് പവർ പ്ലസ് എന്ന മലിനീകരണം കുറഞ്ഞ, വൈദ്യുതിയുൽപ്പാദിപ്പിക്കുന്ന, കുറഞ്ഞ വിറകിൽ പ്രവർത്തിപ്പിക്കാവുന്ന വിറകടുപ്പിന്റെ ഉപജ്ഞാതാവ്.

- സംസ്ഥാന സ്കൂൾ ശാസ്ത്രമേള 2016 ഹൈസ്കൂൾ വിഭാഗം ഒന്നാം സ്ഥാനം
- സംസ്ഥാന സ്കൂൾ ശാസ്ത്രമേള 2017 ഹയർ സെക്കണ്ടറി വിഭാഗം എ ഗ്രേഡ്
- ആറാമത് നാഷണൽ ഇൻസ്പയർ അവാർഡ് പ്രൊജക്റ്റ് കോമ്പറ്റീഷനിൽ കേരളത്തിൽ നിന്നുള്ള ഏക സമ്മാന ജേതാവ്
- ആദിശങ്കര യങ് സയന്റിസ്റ്റ് അവാർഡ് ഒന്നാം സ്ഥാനത്തോടൊപ്പം മികച്ച പ്രൊജക്റ്റ്, മികച്ച പോസ്റ്റർ, മികച്ച വീഡിയോ എന്നിവയ്ക്കുള്ള അവാർഡുകളും
- മൂന്നാമത് ഫെസ്റ്റിവൽ ഓഫ് ഇന്നവേഷൻ, രാഷ്ട്രപതി ഭവൻ – കേരളത്തിൽ നിന്നുള്ള ഏക വിദ്യാർത്ഥി
- നാൽപ്പത്തിനാലാമത് ജവഹർലാൽ നെഹ്രു നാഷണൽ സയൻസ്, മാത്തമാറ്റിക്സ്, എൻവയോൺമെന്റ് എക്സിബിഷൻ, ഭോപ്പാൽ – കേരളത്തിൽ നിന്നുള്ള ഏക ഹൈസ്കൂൾ വിദ്യാർത്ഥി
- ഫെലോ, സാക്കുറ സയൻസ് ക്ലബ്ബ്, ജപ്പാൻ ശാസ്ത്ര സാങ്കേതിക ഏജൻസി
- മെന്റർ, യൂണിവേഴ്സിറ്റി ഓഫ് കൊളറാഡോ ഡെൻവർ, അമേരിക്ക
- മെന്റർ, ഡെന്മാർക്ക് ടെക്നിക്കൽ യൂണിവേഴ്സിറ്റി – യു എൻ ഇ പി
- ഇമ്പ്ലിമെന്റർ പാർട്ണർ / കാർബൺ അസറ്റ് പ്രൊജക്റ്റ് ഡവലപ്പർ, ഗ്ലോബൽ അലയൻസ് ഫോർ ക്ലീൻ കുക്ക് സ്റ്റൗ, യു എൻ ഫൌണ്ടേഷൻ
- 18 വയസ്സിൽ താഴെയുള്ള ഏക ഡവലപ്പർ, ഗ്ലോബൽ അലയൻസ് ഫോർ ക്ലീൻ കുക്ക് സ്റ്റൗ പ്രോഗ്രാം, യു എൻ ഫൌണ്ടേഷൻ
- പി എം ഫൗണ്ടേഷൻ അക്കാഡമിക് എക്സലൻസ് അവാർഡ് 2016
- പി എൻ പണിക്കർ മെമ്മോറിയൽ യുവ പ്രതിഭാ പുരസ്കാരം 2017
- എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്
- മാതൃഭൂമി–എസ്സ് ആർ എം യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന ഐ ആം കലാം സയൻസ് എക്സിബിഷനിൽ ഫൈനലിൽ (31.01.2018) പങ്കെടുക്കുന്നു.
- കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, കാസർഗോഡ് കേരളാ കേന്ദ്ര സർവ്വകലാശാലയിൽ സംഘടിപ്പിച്ച ഇൻസ്പയർ ഇന്റേൺഷിപ്പ് റസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുത്തു

2017 മേയ് ജൂൺ മാസങ്ങളിൽ ജപ്പാൻ ശാസ്ത്ര സാങ്കേതിക ഏജൻസിയുടെ അതിഥിയായി – ജപ്പാനും, 2017 ഒക്ടോബർ മാസത്തിൽ ഏഷ്യാനെറ്റ് സ്പേസ് സല്യൂട്ട് സംഘാംഗമായി സ്കൂൾ പ്രഥമാദ്ധ്യാപിക ശ്രീമതി ഉഷാ എ പിള്ളയോടൊപ്പം അമേരിക്കയിലെ നാസയും മറ്റ് ഗവേഷണ വിജ്ഞാന കേന്ദ്രങ്ങളും സന്ദർശിച്ചു

## ഉപസംഹാരം

അക്കാദമിക മികവിനും കലാകായിക പ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന നമ്മുടെ വിദ്യാലയത്തിന്റെ പ്രോജ്ജ്വല പൈതൃകം കാത്തു സൂക്ഷിക്കുവാൻ നാമോരുത്തരും ബാദ്ധ്യസ്ഥരാണ്. ഈ വേളയിൽ അദ്ധ്യാപക ശാക്തീകരണം, സൌഹൃദപരമായ പഠനാന്തരീക്ഷം, രക്ഷാകർത്തൃ പിന്തുണ ഉറപ്പാക്കൽ എന്നിവയ്ക്കൊപ്പം തന്നെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾക്കും വെല്ലുവിളികൾക്കും പരിഹാരങ്ങൾ കണ്ടെത്താൻ നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കഴിയണം. ഇതിലൂടെ വിദ്യാലയത്തിന്റെ പൈതൃകവും സമഭാവനയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ സമഗ്രവിദ്യാലയവികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനൊപ്പം ഏവരുടേയും അംഗീകാരത്തിനും അനുമതിക്കുമായി സമർപ്പിക്കുന്നു.